# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ദേവികുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1156/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 22/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1156/2023 തീയ്യതി: 22/12/2023

## ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-01-2023 മുതൽ 05-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 10-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-11-2023 | 10-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സണ്ണി എം.യു, ഓഡിറ്റ് ഓഫിസർ
ശ്രീ ജോമോൻ ഫ്രാൻസിസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ കൃഷ്ണദാസ് എൻ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ലൂക്കോസ് കുര്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കവിത വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ വി.എസ് പാൽ സാമി | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ ശ്യാംരാജ് എസ്.ആർ,ഹെഡ് ക്ലർക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 31-07-2022 |
| ശ്രീ അൻസാർ എ.എസ്,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-08-2022 | 31-08-2022 |
| ശ്രീ സതീഷ് കുമാർ പി.കെ | സെക്രട്ടറി | 01-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അൻസാർ എ.എസ് | അസി.സെക്രട്ടറി | 01-04-2022 | 31-08-2022 |
| തസ്തിക ഒഴിവ് | അസി.സെക്രട്ടറി | 01-09-2022 | 31-10-2022 |
| ശ്രീ കൃഷ്ണപിളള കെ.പി | അസി.സെക്രട്ടറി | 01-11-2022 | 31-03-2023 |
| ഡോ.ജി മീനമ്മാൾ | വെറ്ററിനറി സർജൻ | 01-04-2022 | 01-07-2022 |
| ഡോ.അനിത നാരായണൻ | വെറ്ററിനറി സർജൻ | 02-07-2022 | 31-03-2023 |
| ശ്രീ ബിജു കെ.ഡി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജയ കെ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 08-07-2022 |
| ശ്രീമതി അനുമോൾ ആഗസ്തി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-07-2022 | 31-10-2022 |
| ശ്രീമതി ജിഷ കെ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2022 | 31-03-2023 |
| ശ്രീമതി നിസ്സ | വി.ഇ.ഒ | 01-04-2022 | 19-07-2022 |
| ശ്രീ മനു മോഹനൻ | വി.ഇ.ഒ | 20-07-2022 | 31-03-2023 |
| ശ്രീ റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2022 | 31-03-2023 |
| ശ്രീ ആർ ബാലകൃഷ്ണൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 03-07-2022 |
| ശ്രീ ബാബു എസ് | ഹെഡ് മാസ്റ്റർ | 04-07-2022 | 31-03-2023 |
| ശ്രീ. ജയ്മോൻ കെ. ആർ. | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. അശ്വതി വിശ്വം എസ്. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 03-05-2022 |
| ഡോ. സാബു വി. എസ്. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 04-05-2022 | 31-03-2023 |
| ഡോ. അജിത് എൽ. പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.അർച്ചന വി. എസ്. | മെഡിക്കൽ ഓഫrസർ (ആയുർവേദം) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | Directly Debited By Bank തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-4 |
| 6 | Directly Credited By Bank തുകകൾ കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല. | 1-1-6 |
| 8 | ഡിമാൻഡ് രജിസ്റ്ററുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല | 1-1-8 |
| 10 | Prior Period ഇനങ്ങളുടെയും വാർഷിക കണക്കിലെ മറ്റ് തിരുത്തലുകളുടെയും അനുബന്ധ രേഖകൾ ഇല്ല | 1-1-9 |
| 11 | ധനകാര്യ കമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ഗ്രാന്റ് വിനിയോഗം | 1-3 |
| 15 | സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തത് | 1-3-1 |
| 16 | വികസന ഫണ്ട് ടി.എസ്.പി., മെയിന്റനൻസ് ഫണ്ട് റോഡ്, നോൺ റോഡ് ഗ്രാന്റിനത്തിൽ ₹20,28,349/- നഷ്ടമായി | 1-3-2 |
| 17 | പദ്ധതി അവലോകനം | 1-4 |
| 18 | മഹാത്മാഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-5 |
| 19 | ക്ഷേമ പെൻഷൻ | 1-6 |
| 20 | ക്യാഷ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 22 | തനത് ഫണ്ട് അക്കൗണ്ടിൽ വരവാകുന്നതും പിൻവലിക്കപ്പെടുന്നതുമായ തുകകൾ ക്രമീകരിക്കുന്നില്ല | 1-9 |

| | | |
|---|---|---|
| 23 | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം, അക്കൗണ്ടിൽ വരവ് വെച്ച ചെക്കിന്റെ തുക ലഭ്യമാകാനുള്ളതായി കാണിച്ചിരിക്കുന്നു | 1-10 |
| 24 | മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നു | 1-11 |
| 25 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-12 |
| 26 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല | 1-13 |
| 27 | വാടക - അപാകതകൾ | 1-14 |
| 28 | ഇ-ടെണ്ടർ ഫോറ വില തിരികെ ലഭിക്കാൻ അവശേഷിക്കുന്നു | 1-15 |
| 29 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന തുക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-16 |
| 30 | കാലി വീപ്പ വില ക്രമീകരിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-17 |
| 31 | കരാറുകാരിൽ നിന്നും ഈടാക്കിയ തുക ക്രമീകരിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-18 |
| 32 | പ്ലാൻ ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല | 1-19 |
| 33 | വിവിധോദ്ദേശ്യ ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നില്ല | 1-20 |
| 34 | ലോഗ് ബുക്കുകളുടെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല | 1-21 |
| 35 | സ്റ്റേഷനറി സാധനങ്ങളുടെ വാങ്ങൽ – വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല | 1-22 |
| 36 | കൃഷി ഓഫീസിലെ കണ്ടിജന്റ് ചെലവുകൾ - പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ | 1-23 |
| 37 | രേഖകൾ ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സം - ₹67,23,808/- | 1-24 |
| 38 | ആശ്രയ പദ്ധതി തുക വിനിയോഗിച്ചിട്ടില്ല | 1-25 |
| 39 | മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-26 |
| 40 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച അപാകതകൾ | 1-27 |
| 41 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം - പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ | 1-28 |
| 42 | ജാഗ്രത സമിതി പദ്ധതി നടപ്പാക്കിയില്ല | 1-29 |
| 43 | പൂരക പോഷകാഹാര വിതരണം - അനർഹമായി ജി.എസ്.ടി. അനുവദിച്ചു - നഷ്ടം ₹55,333.25 | 1-30 |
| 44 | പഠനോപകരണം വാങ്ങൽ - പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനം - നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി | 1-31 |
| 45 | വനിത ഘടക പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതികൾ രൂപീകരിക്കുന്നില്ല | 1-32 |
| 46 | പച്ചക്കറി വിത്ത് സമാഹരണം - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ | 1-33 |

| | | |
|---|---|---|
| | ടെണ്ടറുകൾ ഒഴിവാക്കി - നഷ്ടം ₹4,94,040/- | |
| 47 | ദേവികുളം ഗവ.എൽ.പി. സ്കൂളിന്റെ മേൽക്കൂര മാറ്റി സ്ഥാപിക്കൽ - നീക്കം ചെയ്ത തകര ഷീറ്റിന്റെ മൂല്യ നിർണ്ണയം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-34 |
| 48 | പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല | 1-35 |
| 49 | ചിറ്റവര ഓസി ഡിവിഷൻ മുതൽ നോർത്ത് ഡിവിഷൻ വരെ റോഡ് കോൺക്രീറ്റിംഗ് - കരാറുകാരന് ജി.എസ്.ടി. വിഹിതമായി അധികം തുക അനുവദിച്ചു | 1-36 |
| 50 | കുടിവെള്ള പദ്ധതികൾ - കരാറുകാരന് അധികം തുക നൽകി | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കുടിവെള്ള പദ്ധതികളിൽ കരാറുകാർക്ക് അധികം തുക നൽകി - ₹6,422/- നഷ്ടം | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | 4-2 |
| 3 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ അധ്യായം 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ 05.07.2023-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 24-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ദേവികുളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തിന്റെയും സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | ഡെപ്യൂട്ടി ഡയറക്ടർ |
| 22.12.2023 | ഇടുക്കി |

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

1) ആസ്തി രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ആസ്തികൾ സംബന്ധിച്ച വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും വ്യത്യസ്തമാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 Directly Debited By Bank തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

Bank Reconciliation Statement-ൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

1-1-5 Directly Credited By Bank തുകകൾ കണക്കിൽ ഉൾപ്പെടുത്തിയില്ല

Bank Reconciliation Statement-ൽ Directly Credited By Bank ആയി ചേർത്ത തുകകൾ രസീത് നൽകി കണക്കിൽ ഉൾപ്പെടുത്തിയില്ല.

1-1-6 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല.

31.03.2023-ലെ Bank Reconciliation Statement പ്രകാരം മൂന്ന് മാസത്തിൽ കാലയളവ് കഴിഞ്ഞ ചെക്കുകൾ അക്കൗണ്ടിൽ ക്രെഡിറ്റാകാതെ അവശേഷിക്കുന്നു. പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ കേരള ബാങ്കിലെ അക്കൗണ്ടിൽ ഇപ്രകാരം ₹8,58,892/- അവശേഷിക്കുന്നു. 31.10.2023 ഇപ്രകാരം അവശേഷിക്കുന്നത് ₹9,24,852/- ആണ്. ഉദാഹരണമായി 26.05.2022, 30.03.2022, 15.10.2022, 03.11.2022, 24.12.2022 തീയതികളിൽ വളരെയധികം തുകകൾക്കുള്ള ചെക്കുകളുടെ വിവരം റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉണ്ട്.

1-1-7 ഡിമാൻഡ് രജിസ്റ്ററുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

വിവിധ വരവിനങ്ങളുടെ ഡിസിബി, രജിസ്റ്റർ പ്രകാരം കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ തുകകളുമായി പരിശോധിച്ച് കൃത്യത ഉറപ്പാക്കാനായിട്ടില്ല.

1-1-8 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല

1) ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയില്ല

പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതിന്റെ കണക്കുകളും ബാലൻസ് ഷീറ്റിലെ ബി-7 പത്രികയിൽ ₹5,53,581/- തിരികെ നൽകുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിവരങ്ങളും

പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2) മുൻകൂർ രജിസ്റ്റർ ആനുകാലികമാക്കിയിട്ടില്ല

മുൻകൂർ രജിസ്റ്റർ ആനുകാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ B-18-ൽ രേഖപ്പെടുത്തിയിരിക്കുന്ന ₹39,78,411/- മുൻകൂർ നൽകിയതിന്റെ നിജസ്ഥിതി പരിശോധിക്കാൻ കഴിഞ്ഞില്ല.

തൻവർഷം കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച ₹59,27,200/-യുടെ വിവരങ്ങൾ ഡെപ്പോസിറ്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല.

3) NREGA ശമ്പളയിനത്തിൽ മുൻവർഷങ്ങളിൽ നൽകിയ തുക ഉൾപ്പെടെ ക്രമീകരിക്കാതെ തുടരുന്നത് Advance To Others എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. Advance To MGNREGA ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

1-1-9 Prior Period ഇനങ്ങളുടെയും വാർഷിക കണക്കിലെ മറ്റ് തിരുത്തലുകളുടെയും അനുബന്ധ രേഖകൾ ഇല്ല

Prior Period ആയി ക്രമീകരിച്ച ₹3,70,645/- വരുമാനത്തിന്റെയും (1-19 ഷെഡ്യൂൾ) ₹5,985/- ചെലവിന്റെയും (1-18 ഷെഡ്യൂൾ) സാക്ഷ്യപ്പെടുത്തിയ ജേണൽ വൌച്ചറുകളുടെയും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല.

1-1-10 ധനകാര്യ കമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

1) ധനകാര്യ കമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല. സി.എഫ്.സി. ഗ്രാന്റ് സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് ₹1,68,84,743/-യാണ്. ബി-4 ഷെഡ്യൂൾ 320200104, 320200113 എന്നീ ശീർഷകങ്ങൾ പ്രകാരമുള്ള നീക്കിയിരിപ്പ് ₹1,68,02,560/-. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

2) വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റിൽ (B-4) ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുള്ള ഗ്രാന്റ് തുകകൾ ഏതൊക്കെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല.

3) വാർഷിക ധനകാര്യ പത്രിക B-5 ഷെഡ്യൂൾ - Secured Loans - Loan From HUDCO പ്രകാരം ഹഡ്കോ ലോണിനത്തിൽ ആകെ തിരികെ അടവാക്കാനുള്ള തുക ₹65,51,151/- ആണ്. എന്നാൽ B-16

ഷെഡ്യൂൾ Prepaid Programme Expenses പ്രകാരം നീക്കിയിരിപ്പ് ₹61,81,151/- ആണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

4) സർക്കാർ നിർദേശ പ്രകാരം ക്ലോസ് ചെയ്ത പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടായ CLOSED TRY TSB 0007 (710031400000007)ൽ 31.03.2023ൽ RP40(b) പ്രകാരം ₹11,043/- നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക അവശേഷിക്കുന്നതായി കാണിച്ചതിന് വിശദീകരണം ലഭിച്ചില്ല.

1-1-11 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ബി-4 ഷെഡ്യൂളിൽ 320800199 ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ വിശദാംശങ്ങൾ ലഭ്യമായില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോയെന്നും തൻവർഷം ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് ചെലവഴിച്ച തുകകളെല്ലാം ഉൾപ്പെടുത്തിയോ എന്നും രേഖകളുടെ അഭാവത്തിൽ പരിശോധിക്കാനായില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ/തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1(1)/ജനുവരി 2022 |
| ഭരണസമിതിയിൽ അവതരണം | 1(1)/25-03-2022 |
| ഭരണസമിതി അംഗീകാരം | 1(1)/25-03-2022 |
| ബജറ്റ് പുതുക്കൽ | 3(1)/28-02-2023 |

സകർമ്മയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബജറ്റ് രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ബജറ്റിലും പുതുക്കിയ ബജറ്റിലും മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ഉൾപ്പെടുത്തുകയോ ആകെ വരവ്, ചെലവ് എന്നിവ കണക്കാക്കുകയോ ചെയ്തിട്ടില്ല. ഒരോ ഇനത്തിലുമുള്ള വരവുകളും ചെലവുകളും മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ബജറ്റ് തയ്യാറാക്കിയ വേളയിൽ മുന്നിരിപ്പ് ആകെ വരവ് എന്നിവ ലഭ്യമാണെന്നിരിക്കെ ഇവ ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചത് ശരിയായ നടപടിയല്ല.

ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള നടപടി ക്രമങ്ങളും സമയക്ലിപ്തതയും പാലിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ

ജനവരി ആദ്യവാരമുള്ള ബജറ്റ് അവതരണം എന്ന നിബന്ധന പാലിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ്/ അലോട്ട്മെന്റ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് | | | | | |
| പൊതു വിഭാഗം | 0 | 36472415 | 36472415 | 30623286 | - |
| എസ്.സി.പി | 0 | 66004484 | 66004484 | 56631152 | - |
| റ്റി.എസ്.പി | 0 | 980101 | 980101 | 693072 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 4,354200 | 7181872+497527 (പലിശ) | 12033599 | 8508817 | 3524782 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 8,584000 | 10975444 | 19559444 | 4714687 | 14844757 |
| സംരക്ഷണ ഗ്രാന്റ് | | | | | |
| റോഡിതരം | 0 | 6510000 | 6510000 | 3722789 | - |
| റോഡ് | 0 | 1097000 | 1097000 | 425471 | - |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| എസ്. എസ്. എ. | 6184 | 84 | 6268 | 0 | 6268 |
| ഐ.സി.ഡി.എസ് | 1076891 | - | 1076891 | 77981 | 998910 |
| ടോട്ടൽ സാനിറ്റേഷൻ 320100181 | 724964 | 0 | 724964 | 0 | 724964 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 2180000 | 0 | 2180000 | 0 | 2180000 |
| ആയുർവ്വേദം | 9030 | 0 | 9030 | 0 | 9030 |
| ലൈഫ് | 3408085 | 0 | 3408085 | 0 | 3408085 |
| ശുചിത്വമിഷൻ ഗ്രാന്റ് | 2492187 | 0 | 2492187 | 0 | 2492187 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 3450000 | 0 | 3450000 | 0 | 3450000 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 25000 | 0 | 25000 | 0 | 25000 |
| ദുരന്ത നിവാരണം | 500000 | 208253 | 708253 | 0 | 708253 |

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ, സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ്, സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. ജി.ഒ. പ്രോജക്ടായി ക്രമീകരിച്ച തുകയുൾപ്പെടെയാണ് മേൽ ചേർത്തിരിക്കുന്ന പട്ടികയിലെ അലോട്ട്മെന്റിലും ചെലവിലും ഉള്ളത്.

2. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 2020-21ലെ Unspent തുക തിരികെ ലഭിച്ച തുകയിൽ (ടൈഡ്-2084444, അൺ ടൈഡ്-1254872) ചെലവഴിക്കാത്തതിനാൽ ലാപ്സായ തുക കുറച്ചുള്ള തുകയാണ് ബാലൻസ് ഷീറ്റ് (ബി-4)ൽ ഉൾപ്പെട്ടിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ ഉൾപ്പെടെയുള്ള വരവാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ൽ എടുത്തിട്ടുള്ളത്.

3. 2021-22 വർഷം ഡിമാന്റ് ചെയ്ത തനത് നികുതിയുടെ 90% ശേഖരിക്കാത്തതിനാൽ വികസന ഫണ്ട് പൊതുവിഭാഗം മൂന്നാം ഗഡുവിൽ നിന്നും 1% തുകയായി ₹3,82,800/- കുറവ് ചെയ്തിട്ടുണ്ട്. ആയത് കുറച്ചുള്ള തുകയാണ് അലോട്ട്മെന്റായി രേഖപ്പെടുത്തിയിട്ടുള്ളത്.

4. മെയിന്റനൻസ് ഗ്രാന്റ് അലോട്ട്മെന്റ് പുതുക്കി നിശ്ചയിച്ചതിന്റെ ഭാഗമായി റോഡിനത്തിൽ രണ്ടാം ഗഡു ഉത്തരവ് പ്രകാരം ആദ്യ ഗഡുവിലെ അലോട്ട്മെന്റിൽ നിന്നും ₹8,80,367/- റിക്കവറി നടത്തിയതും മൂന്നാം ഗഡുവായി അനുവദിച്ച ₹3,65,667/-യും ഗ്രാന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയത് ചേർത്തുള്ള വിവരങ്ങളാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽ വിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

### 1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തത്

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് പത്രികയുടെ അലോട്ട്മെന്റിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | തനത് നികുതിയുടെ 90% ശേഖരിക്കാത്തത് മൂലം വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക | ആകെ ലഭിച്ച അലോട്ട്മെന്റ് | അങ്കണവാടി ഹോണറേറിയം കുറവ് ചെയ്തത് ₹ | ലൈഫ് ലോൺ ഇനത്തിൽ കുറവ് ചെയ്തത് ₹ | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് – General | 36472415 | 382800 | 36089615 | 1138800 | 644616 | 34306199 |
| വികസന ഫണ്ട് – SCSP | 66004484 | - | 66004484 | - | 742981 | 65261503 |
| വികസന ഫണ്ട് – TSP | 980101 | - | 980101 | - | 471812 | 508289 |

### 1-3-2 വികസന ഫണ്ട് ടി.എസ്.പി., മെയിന്റനൻസ് ഫണ്ട് റോഡ്, നോൺ റോഡ് ഗ്രാന്റിനത്തിൽ ₹20,28,349/- നഷ്ടമായി

05.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം അനുവദിച്ച വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത

സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹20,28,349/- ലാപ്സായി.

| ഫണ്ടിനം | അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2023-24-ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് ടി.എസ്.പി. | 980101 | 693072 | 287029 | 70 | 196020 | 91009 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 6510000 | 3722789 | 2787211 | 57 | 1302000 | 1485211 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 1097000 | 425471 | 671529 | 38 | 219400 | 452129 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 177253656 | 138 | 108060494 | ഇല്ല | 77 | 64.18 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 87.50 | 8622673 | 8537365 | 99.01 |
| വെറ്ററിനറി സർജൻ | 13 | 10 | 76.92 | 8936318 | 3867273 | 43.27 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 3 | 3 | 100 | 2324224 | 943528 | 40.59 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 5 | 100 | 670000 | 648855 | 96.84 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 100 | 130000 | 123358 | 94.89 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 5 | 50.00 | 46431421 | 29824489 | 64.23 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 100 | 8303092 | 5180523 | 62.39 |
| ഡയറി എക്സ്റ്റൻഷൻ | 2 | 2 | 100 | 1410000 | 1408524 | 99.89 |

| | | | | | | |
|---|---|---|---|---|---|---|
| ഓഫീസർ | | | | | | |
| സെക്രട്ടറി | 34 | 22 | 64.71 | 22457809 | 14051214 | 62.56 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 113 | 62 | 54.86 | 56751622 | 23873316 | 42..06 |
| ഹെഡ്മാസ്റ്റർ ഗവ. എൽ. പി. സ്കൂൾ | 4 | 3 | 75 | 2980000 | 1938047 | 65.03 |
| അസി. സെക്രട്ടറി | 12 | 10 | 83.33 | 18236497 | 17664002 | 96.86 |
| ആകെ | 215 | 138 | 64.18 | 177253656 | 108060494 | 60.96 |

## 1-5 മഹാത്മാഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 451 | 1393218 | 1393669 | 1393325 | 344 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 38684000 | 38684000 | 38684000 | 0 |

## 1-6 ക്ഷേമ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവ പെൻഷൻ | 6724200 | 801 |
| വാർദ്ധക്യകാല പെൻഷൻ | 28802200 | 3130 |
| വികലാംഗ പെൻഷൻ | 2329200 | 232 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14400 | 1 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 1.10 Pm-ന് നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് വരവില്ലെന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.

. ഭരണ സമിതി-സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാവുന്നതായി കാണുന്നു.

- നികുതി/ഫീസ് നിർണയം, ചുമത്തൽ, ഈടാക്കൽ നടപടി ക്രമങ്ങളിൽ അപാകതകൾ സംഭവിച്ചിട്ടുള്ളത് ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു.
- സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭ മിനിട്സ് തുടങ്ങിയവ പരിപാലിക്കുന്നുണ്ട്.
- കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.
- സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.
- പ്രതിമാസ അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ പത്രികകൾ സഹിതം കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ട്.
- പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും, ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും, ബജറ്റ് പ്രൊവിഷന് അനുസൃതവുമായിട്ടാണ് തുകകൾ ചെലവഴിക്കപ്പെടുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.
- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.
- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

. ജനകീയാസൂത്രണ പദ്ധതി നിലവിൽ വന്ന് കാൽ നൂറ്റാണ്ടിന് ശേഷവും വാർഷിക പദ്ധതി ആസൂത്രണ പ്രക്രിയയിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. നൂതനമായ അനേകം പ്രോജക്റ്റുകൾ ആവിഷ്ക്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്റ്റുകൾ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.

. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്റ്റുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. ഉത്പാദനമേഖലയിലെ വളരെ പരിമിതമായ ചെലവ് ശതമാനം ഈ വസ്തുത ശരി വെയ്ക്കുന്നതാണ്.

. വാർഷിക പദ്ധതിക്കായി വകയിരുത്തുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പദ്ധതി നിർവഹണം വർഷാവസാനത്തേക്ക് കേന്ദ്രീകരിച്ചതിനാൽ ഗണ്യമായ തുക ട്രഷറി നിയന്ത്രണം മൂലം പിൻവലിക്കാൻ കഴിയാതെ വന്നത് പദ്ധതി നിർവഹണത്തിലെ വലിയ പാളിച്ചയായി.

. വിവിധോദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭിച്ചിട്ടുള്ള തുകകൾ യഥാസമയം ഫലപ്രദമായി വിനിയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

.പ്ലാൻ ഫണ്ട് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.

## 1-9 തനത് ഫണ്ട് അക്കൗണ്ടിൽ വരവാകുന്നതും പിൻവലിക്കപ്പെടുന്നതുമായ തുകകൾ ക്രമീകരിക്കുന്നില്ല

പഞ്ചായത്തിന്റെ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ Directly Credited By Bank, Directly Debited By Bank എന്നീ ശീർഷകങ്ങളിൽ വലിയ തുകകൾ ബാങ്ക് ബുക്കിൽ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട്/നം. | ബാങ്ക് ബുക്കിലെ ശീർഷകം | 31.03.23ലെ തുക ₹ | 30.09.23ലെ തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ജില്ലാ ബാങ്ക് (തനത് ഫണ്ട്) 136812803000028 | Directly Credited By Bank | 187398 | 3075330 | 10.11.2022 തീയതിയിലാണ് തുക വന്നതായി |

| | | | | |
|---|---|---|---|---|
| | | | | രേഖപ്പെടുത്തിയിട്ടുള്ളത് |
| | Directly Debited By Bank | 8600 | 2091500 | 28.09.2022, 23.01.23, 24.01.23 തീയതികളിലാണ് തുക കുറവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത് |

പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ലഭിക്കുന്ന തുകകൾ സ്ഥാപനത്തിന്റെ വരവ് ആണോയെന്ന് ഉറപ്പ് വരുത്തി രസീത് നൽകി കണക്കിൽ ഉൾപ്പെടുത്തുന്നില്ലെന്നും അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെടുന്ന തുകകൾ കൃത്യമായി വൗച്ചറിലൂടെ ക്രമീകരിക്കുന്നില്ലെന്നുമാണ് പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 7/തീ. 08.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-10 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം, അക്കൗണ്ടിൽ വരവ് വെച്ച ചെക്കിന്റെ തുക ലഭ്യമാകാനുള്ളതായി കാണിച്ചിരിക്കുന്നു

വസ്തു നികുതി വരവായി 26.05.2022-ൽ പഞ്ചായത്തിൽ ലഭിച്ച ചെക്ക് നം. 374556, Dt. 23.05.2022 (തുക ₹53,553/-) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 03.06.2022-ൽ സ്ഥാപനത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് ആയിട്ടുള്ള കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ വരവായി രേഖപ്പെടുത്തിയിട്ടുള്ളതാണെങ്കിലും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് (09/2023) പ്രകാരം 'Cheque Deposited But Not Cleared' എന്ന ശീർഷകത്തിൽ കാണിച്ചിരിക്കുന്നു. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പരാമർശിത ചെക്ക് പ്രകാരം അടവാക്കേണ്ട കെട്ടിട നം VII/1, XIII/10, XIV/262, XV/254, XVI/134, XVI/144 എന്നിവയുടെ വസ്തു നികുതി ഈടാക്കിയിട്ടുള്ളതുമാണ്. അക്കൗണ്ടിലുള്ള അപാകത പരിഹരിക്കേണ്ടതും പ്രസ്തുത അപാകത ഉണ്ടാകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്.

1-11 മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാ ബേസായ സഞ്ചയ പരിശോധിച്ചതിൽ നിന്നും ആകെ ഒരു മൊബൈൽ ടവറിന്റെ (6/448-BSNL) മാത്രമാണ് അസസ്മെന്റ് നടത്തി നികുതി ഈടാക്കി വരുന്നതെന്ന് ബോധ്യപ്പെട്ടു. എന്നാൽ പഞ്ചായത്ത് പരിധിയിൽ ധാരാളം മൊബൈൽ ടവറുകളുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. SC2-294/23/തീ. 20.01.2023 പ്രകാരം സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ എന്ന സ്ഥാപനം മൊബൈൽ ടവർ റെഗുലറൈസേഷനായി അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ പെർമിറ്റ്/റെഗുലറൈസേഷൻ രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് നിർമാണം റെഗുലറൈസ് ചെയ്യുന്നതിനോ അസസ്മെന്റ് നടത്തുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ലെന്ന് കാണുന്നു. പഞ്ചായത്ത് അനുമതിയില്ലാതെ നിർമാണം നടത്തി മൊബൈൽ ടവറുകൾ പ്രവർത്തിച്ച് വരുന്നുണ്ടെന്ന് വ്യക്തമാണ്.

നിലവിൽ പഞ്ചായത്ത് പരിധിയിൽ എത്ര മൊബൈൽ ടവറുകളുണ്ടെന്നും അനധികൃതമായി പ്രവർത്തിച്ച് വരുന്നവയ്ക്കെതിരേ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/തീ. 07.11.2023) മറുപടി ലഭ്യമായില്ല. കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ അനധികൃതമായി പ്രവർത്തിച്ച് വരുന്ന മൊബൈൽ ടവറുകളെ കണ്ടെത്തി നിയമാനുസൃതമായി ഈടാക്കേണ്ട നികുതി ഈടാക്കുന്നതിനും അനധികൃത നിർമാണമുണ്ടെങ്കിൽ കേരള പഞ്ചായത്ത് രാജ് വകുപ്പ് 235 (എ.എ) പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നത് വരെ മൂന്നിരട്ടി നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-12 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഗവ. തമിഴ് എച്ച്.എസ്., ദേവികുളം | II |
| 2 | എസ്. പി. പുരം ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | II |
| 3 | ജുഡീഷ്യൽ മജിസ്ട്രേറ്റ് ഫസ്റ്റ് ക്ലാസ്, ദേവികുളം | I |
| 4 | ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ്, ദേവികുളം | II |
| 5 | GHSS, ദേവികുളം | II |
| 6 | ദേവികുളം താലൂക്ക് ഗവ. സർവന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I |
| 7 | ALPS, അരുവിക്കാട് | II |
| 8 | കാർമൽഗിരി ഹൈസ്കൂൾ, സോത്തുപാറ | II |
| 9 | പഞ്ചായത്തിലെ ദിവസ വേതനാടിസ്ഥാനത്തിലുള്ള സ്റ്റാഫും ക്ലീനിംഗ് സ്റ്റാഫും | I & II |
| 10 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, ദേവികുളം | II |
| 11 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, ദേവികുളം ബ്ലോക്ക് | I |
| 12 | എം.ജി.എൻ.ആർ.ഇ.ജി.എ. | I |
| 13 | ALPS, തേൻമല്ലി എസ്റ്റേറ്റ് | I |
| 14 | ഓൾ ഇൻഡ്യ റേഡിയോ, ദേവികുളം | I |
| 15 | ALPS, ചെണ്ടുവാര | I |

| | | |
|---|---|---|
| 16 | ALPS, ഗ്രഹാമാസ് ലാന്റ് | I |
| 17 | വെറ്ററിനറി ഡിസ്പെൻസറി | I |
| 18 | ഫുഡ് സേഫ്റ്റി ഓഫീസ്, ദേവികുളം | I |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/തീ. 09.11.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23ലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | എസ്.ബി.ഐ., ദേവികുളം | 1 & 2 |
| 2 | ദേവികുളം താലൂക്ക് ഗവ. സെർവന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1 & 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/തീ. 08.11.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് അല്ലാത്തപക്ഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 വാടക - അപാകതകൾ

1. ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക അടവ് പരിശോധനയിൽ താഴെ കൊടുത്തിട്ടുള്ള വ്യക്തികൾ വാടക കുടിശിക വരുത്തിയിട്ടുണ്ടെന്ന് കാണുന്നു.

| ക്രമ നം. | മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക (ജി.എസ്.ടി. കൂടാതെ) | കുടിശിക |
|---|---|---|---|---|
| 1 | 11/373 | കാന്തമ്മ | 750 | 750 (8/22ലെ കുടിശിക) |

| | | | | |
|---|---|---|---|---|
| 2 | 5/311 | പ്രസിഡന്റ് കൾട്ടിവേറ്റ് & വെജിറ്റബിൾസ് സൊസൈറ്റി | 750 | 9000 (4/22 മുതൽ 3/23 വരെ) |
| 3 | 15/90 | ഗോമതി | 750 | 7500 (6/22 മുതൽ 3/23 വരെ) |

വാടക കുടിശിക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/തീ. 08.11.2023) മറുപടി ലഭ്യമായില്ല. കുടിശിക പലിശയുൾപ്പെടെ പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2. വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക ഡെപ്പോസിറ്റ് ഇനത്തിൽ തുകകളൊന്നും ഇല്ലെന്ന് കാണുന്നു. വാടക ഡെപ്പോസിറ്റ് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/തീ. 08.11.2023) മറുപടി ലഭ്യമായില്ല. വാടക ഡെപ്പോസിറ്റ് ഈടാക്കാത്ത സാഹചര്യം, വാടകക്കാർ മുറികൾക്ക് കേടുപാടുകൾ വരുത്തുക, വാടക കുടിശിക വരുത്തുക എന്നീ സാഹചര്യങ്ങളിൽ തുക ഈടാക്കാനുള്ള സാധ്യത ഇല്ലാതാകുമെന്നതിനാൽ ആവശ്യമായ ഡെപ്പോസിറ്റ് തുക, നിശ്ചിത എണ്ണം മാസങ്ങളിലെ വാടക മുൻകൂർ എന്നിവ നിശ്ചയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. താഴെ കൊടുത്തിട്ടുള്ള വാടകക്കാരിൽ നിന്നും ഈടാക്കേണ്ട ഫൈൻ, ജി.എസ്.ടി. തുകകൾ ഈടാക്കിയിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം. | മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക (ജി.എസ്.ടി. കൂടാതെ) | റിമാർക്സ് |
|---|---|---|---|---|
| 1 | 9/238 | എ. വിനോദ്കുമാർ | 750 | 6/22 മുതൽ 3/23 വരെ കാലയളവിലെ വാടകയായി ₹7500/- 1220101975/ 16.03.2023 തീയതിയിൽ അടവാക്കിയെങ്കിലും തുകയോടൊപ്പം ഫൈൻ, ജി.എസ്.ടി. എന്നിവ ഈടാക്കിയില്ല. |
| 2 | 7/528 | ലക്ഷ്മി മിൽക്ക് പ്രൊഡ്യൂസേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 3725 | 4/22 മുതൽ 3/23 വരെ കാലയളവിലെ വാടകയായി GST ഉൾപ്പെടെ ₹52746/- അടവാക്കേണ്ടതായിരുന്നെങ്കിലും 1220100286/20.09.2022 തീയതിയിൽ ₹46746/-യാണ് അടവാക്കിയത്. |

ജി.എസ്.ടി., ഫൈൻ ഇനത്തിൽ തുക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് (നം.9/തീ. 08.11.2023) മറുപടി ലഭ്യമായില്ല. ഫൈനും ജി.എസ്.ടി.-യും ഈടാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4. പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പ്രകാരം ആകെ 9 മുറികളാണ് വാടകയ്ക്ക് നൽകിയിരിക്കുന്നതെങ്കിലും ആയതിന്റെ ഡി.സി.ബി. പത്രിക തയ്യറാക്കിയിട്ടില്ല. മുറികളുടെ പ്രതിമാസ വാടക കണക്കാക്കിയാൽ ആകെ ഡിമാന്റ് ₹1,25,700/- ആണ് വരേണ്ടതെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ I-3 പ്രകാരം ₹1,05,676/- എന്നാണ് കണക്കാക്കിയിട്ടുള്ളത്. കൃത്യമായ ഡി.സി.ബി. കണക്കുകൾ തയ്യാറാക്കാത്തത് സംബന്ധിച്ചും വാർഷിക കണക്കുകളുമായുള്ള വ്യത്യാസം സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/തീ. 08.11.2023) മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ഇ-ടെണ്ടർ ഫോറ വില തിരികെ ലഭിക്കാൻ അവശേഷിക്കുന്നു

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ.(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കിയിരുന്നത്. പ്രസ്തുത തുക അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി, ഇതിനോടകം ഒടുക്കിയ തുകകളുടെ കണക്കുകൾ തേടുകയും വിതരണ ചുമതല അതത് സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർമാരെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. നിലവിൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ച് അതിൽ ടെൻഡർ ഫോം വില സ്വീകരിക്കുവാൻ അനുവാദമുണ്ടെങ്കിലും തൻവർഷവും പ്രസ്തുത തുകകൾ എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തത്. 39 പ്രോജക്ടുകളുടെ ഫീസായി ഇത്തരത്തിൽ ₹61,815/- തൻവർഷം ലഭിക്കുവാൻ അവശേഷിക്കുന്നുണ്ട്.

പ്രസ്തുത തുക തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയറിൽ നിന്ന് തിരികെ ലഭിക്കാനും തുടർന്നുള്ള ടെൻഡർ ഫീസ് പിരിവ് അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ ആരംഭിക്കുന്ന അക്കൗണ്ടിലൂടെ നടത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന തുക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

ദേവികുളം ഗ്രാമ പഞ്ചായത്ത്, LID & EW സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക്

ഓഫ് ഇൻഡ്യ, ദേവികുളം ശാഖയിൽ നിലവിലുള്ള 67052439733 നമ്പർ അക്കൗണ്ടിൽ 25.06.2020 പ്രാബല്യത്തിൽ ₹6,84,676/- നീക്കിയിരിപ്പുണ്ട്. 25.06.2020 മുതൽ പ്രസ്തുത അക്കൗണ്ട് വഴി ക്രയവിക്രയങ്ങളൊന്നും നടക്കുന്നില്ല. KYC അപ്ഡേറ്റ് ചെയ്യാത്തത് മൂലം പ്രസ്തുത അക്കൗണ്ട് നിഷ്ക്രിയമായിരിക്കുകയാണ്. പദ്ധതി നിർവഹണത്തിനായി വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളും ക്ലോസ് ചെയ്യുന്നതിന് മുമ്പ് പലതവണ നിർദ്ദേശം നൽകിയിരുന്നിട്ടും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് നിലനിർത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. നീക്കിയിരിപ്പിലെ തുക ഏതിനത്തിലുള്ളതാണെന്ന് തിരിച്ചറിയാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ നിർദ്ദേശ പ്രകാരം നീക്കിയിരിപ്പ് തുക സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 കാലി വീപ്പ വില ക്രമീകരിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്യുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06/ധന./തീ. 12.04.2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന് 30.10.2007-ലെ 59827/എഫ്.എം./07/തസ്വഭവ. നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2022-23 വർഷം വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്തിട്ടുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് & പ്രോജക്ട് നം. | ബിൽ നം./തീയതി | തുക (₹) | കാലി വീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്തിട്ടുള്ള തുക (₹) |
|---|---|---|---|
| സാൻഡോസ് കോളനി റോഡ് പുനരുദ്ധാരണം (197/23) | 22100352011401493805/27.03.23 | 848927 | 3608 |
| സാൻഡോസ് മെയിൻറോഡ് അറ്റകുറ്റപ്പണി (31/23) | 22100352011401528135/28.03.23 | 228188 | 7544 |
| | ആകെ | | 11152 |

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കുറവ് ചെയ്ത് ഗ്രാമ പഞ്ചായത്തിന്റ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ₹11,152/- ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 കരാറുകാരിൽ നിന്നും ഈടാക്കിയ തുക ക്രമീകരിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

2022-23 വർഷം നടപ്പാക്കിയ കുടിവെള്ള പദ്ധതികളിൽ ജി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് ഉൾപ്പെടെയുള്ള നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ട്രഞ്ചിംഗ് പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാൽ പ്രസ്തുത പ്രവൃത്തികളുടെ മൂല്യം നിർണ്ണയിച്ച് കരാറുകാരനിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ദേവികുളം എൽ.പി. സ്കൂളിന്റെ മേൽക്കൂര മാറ്റി സ്ഥാപിക്കൽ എന്ന പ്രവൃത്തിയിൽ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ള തുകയും തനത് ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് & പ്രോജക്ട് നം. | ബിൽ നം./തീയതി | തുക (₹) | കരാറുകാരനിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുക (₹) | റിമാർക്സ് |
|---|---|---|---|---|
| ദേവികുളം എൽ. പി. സ്കൂളിന്റെ മേൽക്കൂര മാറ്റി സ്ഥാപിക്കൽ (195/23) | 22100352011401487668/ 27.03.23 | 432076 | 7551 | നീക്കം ചെയ്ത തകര ഷീറ്റിന്റെ മൂല്യം കണക്കാക്കി ഈടാക്കിയ തുക |
| നെറ്റിമേട് ഡിവിഷൻ കുടിവെള്ള പദ്ധതി (171/23) | 28.03.23 | 349550 | 16640 | ട്രഞ്ചിംഗ് പ്രവൃത്തി നടപ്പാക്കാത്തതിനാൽ ഈടാക്കിയ തുക |
| സൈലന്റ് വാലി സെൻട്രൽ ഡിവിഷൻ കുടിവെള്ള പദ്ധതി (164/23) | 22100352011401557265/ 28.03.23 | 349215 | 19200 | - ടി – |
| | | ആകെ | 43391 | |

കരാറുകാരിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തിന്റ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ₹43,391/- ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 പ്ലാൻ ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല

ദേവികുളം സബ് ട്രഷറി നോൺ ബാങ്കിംഗ് ട്രഷറിയായി പ്രവർത്തിച്ചിരുന്ന കാലത്ത് സർക്കാരിൽ നിന്നും വികസന പദ്ധതികൾക്കായി ലഭിക്കുന്ന തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് നിക്ഷേപിക്കുന്നതിനായി സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ. പ്ലാൻ (അക്കൗണ്ട് നം. 67047131771) എന്ന പേരിൽ അക്കൗണ്ട് ആരംഭിച്ചിരുന്നു. 2013ൽ ദേവികുളം സബ് ട്രഷറി ബാങ്കിംഗ് ട്രഷറിയായി പ്രവർത്തനം ആരംഭിച്ചത് മുതൽ പ്രസ്തുത അക്കൗണ്ട് വഴി ക്രയവിക്രയങ്ങളൊന്നും നടക്കുന്നില്ല. വിവിധ ആവശ്യങ്ങൾക്കായി ലഭിച്ചതിൽ ചെലവാകാതെ അവശേഷിക്കുന്നതും വിവിധ വർഷങ്ങളിലെ പലിശയിനത്തിലുമായി ₹57,69,476/- 31.03.2023ൽ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത

തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിന് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. നീക്കിയിരിപ്പ് തുകയുടെ നിജസ്ഥിതി സർക്കാരിനെ അറിയിക്കുകയും സർക്കാർ നിർദ്ദേശ പ്രകാരം ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-20 വിവിധോദ്ദേശ്യ ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന് പ്രത്യേക പദ്ധതികൾക്കായി വിവിധ ഏജൻസികളിൽ നിന്നും പല വർഷങ്ങളിലായി ലഭിച്ചിട്ടുള്ള തുകകൾ വിനിയോഗിക്കാൻ കഴിയാതെ നീക്കിയിരിപ്പായി അവശേഷിക്കുകയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക നൽകിയ സ്ഥാപനം | ഉദ്ദേശ്യം | അക്കൗണ്ട് ശീർഷകം | വർഷം & ലഭിച്ച തുക | ചെലവഴിക്കാതെ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|
| സംസ്ഥാന ശുചിത്വ മിഷൻ | ഖരമാലിന്യ നിർമ്മാർജ്ജനം | 320200304 | 2018-19 3450000 | 3450000 |
| ബ്ലോക്ക് പഞ്ചായത്ത് | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 320700204 | 2018-19 200000 (9.11.18ൽ ലഭിച്ച തുക) | 120800 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് മിഷൻ ഭവന പദ്ധതി | 320700105 | 2018-19 1100210 | 1100210 |
| ജില്ലാ പഞ്ചായത്ത് | വിവരം ലഭ്യമല്ല | 320700405 | 1064000 | 1064000 |
| ശുചിത്വ മിഷൻ | സമ്പൂർണ്ണ ശുചിത്വം | 320300103 | 2180000 | 2180000 |
| ശുചിത്വ മിഷൻ | സമ്പൂർണ്ണ ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾ | 320100181 | - | 724964 |

വിവിധോദ്ദേശ്യ പ്രവർത്തനങ്ങൾക്കായി ലഭിച്ച ഗ്രാന്റ് തുകകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 1-21 ലോഗ് ബുക്കുകളുടെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല

ദേവികുളം പഞ്ചായത്തിന്റെ KL-68-B-0940 ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഇന്ധനം നിറച്ചതിന്റെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളവയിൽ തന്നെ ഇന്ധനം നിറച്ച സമയത്തെ വാഹനത്തിന്റെ കിലോമീറ്റർ റീഡിംഗ് എഴുതിയിട്ടില്ല. ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ വരുത്തിയ അപാകതകളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ലോഗ് ബുക്കിൽ രേഖപ്പെടുത്താതെ ഇന്ധനം |
|---|---|

| നം. | നിറച്ചതിന്റെ വിശദാംശങ്ങൾ | | |
|---|---|---|---|
| | തീയതി | അളവ് (ലി.) | തുക (₹) |
| 1 | 09.07.2022 | 34 | 3271 |
| 2 | 27.07.2022 | 53 | 5183 |
| 3 | 29.07.2022 | 39 | 3839 |
| 4 | 07.08.2022 | 45 | 4415 |
| 5 | 20.08.2022 | 48 | 4703 |
| 6 | 17.08.2022 | 42 | 4127 |
| 7 | 20.08.2022 | 35 | 3455 |
| 8 | 24.08.2022 | 44 | 4303 |
| 9 | 28.08.2022 | 41 | 4012 |
| 10 | 20.09.2022 | 46 | 4511 |
| 11 | 21.09.2022 | 54 | 5279 |
| 12 | 27.09.2022 | 52 | 5000 |

കൂടാതെ ഓരോ ട്രിപ്പിന് ശേഷവും ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപ്പെടുത്തലുകൾ ലോഗ് ബുക്കിൽ വരുത്തുന്നില്ല. ഇന്ധനം നിറച്ചതിന്റെ വിവരങ്ങൾ യഥാസമയം ചേർക്കാത്തത് മൂലം വാഹനത്തിന്റെ ഇന്ധന ക്ഷമതയും മറ്റ് വിവരങ്ങളും പരിശോധിക്കുന്നതിനായി സാധിച്ചിട്ടില്ല. ലോഗ് ബുക്കുകൾ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-22 സ്റ്റേഷനറി സാധനങ്ങളുടെ വാങ്ങൽ – വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല

ദേവികുളം പഞ്ചായത്തിന്റെ ഓഫീസ് ആവശ്യത്തിനും MGNREGA ഓഫീസ്, ഡിസ്പെൻസറികൾ, കംഫർട്ട് സ്റ്റേഷനുകൾ തുടങ്ങിയ അനുബന്ധ ഓഫീസുകൾക്കും ആവശ്യമായ സ്റ്റേഷനറി സാമഗ്രികൾ അതാത് സ്ഥാപനങ്ങൾ ആവശ്യാനുസരണം വാങ്ങി തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും റീ-ഇംബേഴ്സ് ചെയ്യുന്ന രീതിയാണ് അവലംബിച്ച് വരുന്നത്. ഇപ്രകാരം സ്റ്റേഷനറി സാമഗ്രികൾ വാങ്ങുന്നത് മൂലം M.R.P. നിരക്കിലാണ് പലപ്പോഴും സാമഗ്രികൾ ലഭ്യമാവുന്നത്. 2022-23 വർഷം സ്റ്റേഷനറി സാധനങ്ങളുടെ വാങ്ങലിനായി ആകെ ചെലവഴിച്ചിട്ടുള്ളത് ₹1,60,799/-യാണ്.

പഞ്ചായത്തിന്റെ ഓഫീസിനും മറ്റ് അനുബന്ധ സ്ഥാപനങ്ങൾക്കും ആവശ്യമായ സ്റ്റേഷനറി സാമഗ്രികൾ വാർഷികമായി കണക്കാക്കി മത്സരാധിഷ്ഠ ക്വട്ടേഷനിലൂടെ റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരു വർഷ കാലയളവിനുള്ളിൽ പഞ്ചായത്ത് ആവശ്യപ്പെടുന്ന സമയത്ത് എത്തിക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കിയാൽ ആയത് സ്ഥാപനത്തിന്റെ സാമ്പത്തിക നേട്ടത്തിന് കാരണമാകുന്നതാണ്.

ഈ വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഭരണ സമിതിയുടെ

ശ്രദ്ധ ക്ഷണിക്കുന്നു.

1-23 കൃഷി ഓഫീസിലെ കണ്ടിജന്റ് ചെലവുകൾ - പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച് നടപ്പാക്കിയ കണ്ടിജന്റ് ചെലവുകൾക്കായി തുക വകയിരുത്തൽ എന്ന പദ്ധതി പരിശോധിച്ചതിൽ ₹15,070/- ചെലവഴിച്ച് സ്റ്റേഷനറി സാധനങ്ങൾ സമാഹരിച്ചിട്ടുള്ളത് പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ, പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് കണ്ടെത്തി.

എ) പ്രോജക്റ്റ് വിവരം

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 79/2023, കണ്ടിജന്റ് ചെലവുകൾക്കായി തുക വകയിരുത്തൽ |
| അടങ്കൽ തുക, ഫണ്ടിനം | ₹45000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) |
| ചെലവ് തുക | ₹15070/- |
| ബിൽ റഫറൻസ് നം., തീയതി | 22100352011801340684/തീ. 13.03.2023 |

ബി) പദ്ധതി ആസൂത്രണത്തിലെ അപാകത

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 84/2022/ ത.സ്വ.ഭ.വ./തീ. 19.04.2022ലെ ഖണ്ഡിക 6.8ൽ മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയതിൽ ഘടക സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ ഉൾപ്പെട്ടിട്ടില്ല. ഖണ്ഡിക 6.12(b)(4) പ്രകാരം മെയിന്റനൻസ് ഫണ്ടിന്റെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രോജക്ടുകൾക്ക് മാത്രമേ തുക വിനിയോഗിക്കുന്നുള്ളൂ എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 6.8.5 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നല്കി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ദൈനംദിന ചെലവുകൾക്കായി പൊതു ആവശ്യ ഗ്രാന്റ് ഉപയോഗിക്കുന്നതിന് പകരം മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ച നടപടികൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

സി) പദ്ധതി നിർവ്വഹണത്തിലെ അപാകത

സ.ഉ.(പി)നം. 259/2010/ത.സ്വ.ഭ.വ./തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ₹5,000/- മുതൽ ₹25,000/- വരെ മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ

ക്ഷണിക്കാവുന്നതും കുറഞ്ഞത് 3 ക്വട്ടേഷനുകൾ ലഭ്യമാകേണ്ടതുമാണെന്ന് നിർദ്ദേശിക്കുകയും ആയതിലേക്ക് 7 ദിവസത്തെ പരസ്യത്തിനുള്ള സമയം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സാധന സമാഹരണത്തിൽ പാലിച്ചില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 05/തീ. 08.11.2023). മേൽ വിഷയത്തിന്മേൽ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-24 രേഖകൾ ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സം - ₹67,23,808/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ/ ചെലവ് ₹ | ബിൽ നം./ വൗച്ചർ നം./ തീയതി, തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1 | 1/2023 | കുറ്റ്യാർവാലി സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ - | 5927200<br>5927200 | 42200798/ 31-03-2023 തീ. ₹5927200/- | 1. പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ.<br>2. പ്രോജക്ട് എസ്റ്റിമേറ്റ്.<br>3. കൈപ്പറ്റ് രസീത്. |
| 2 | 52/2023 | ഐ.കെ.എം വിഹിതം നൽകൽ | 296608<br>296608 | 22100352014300668681/ 19-10-2022 - ₹230700/-<br>221003252014301345337/ 14-3-2023 - ₹65908/- | കൈപ്പറ്റ് രസീത് |
| 3 | 53/2023 | സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ | 500000<br>500000 | 22100352014301043688/ തീ. 13-1-2023 ₹500000/- | കൈപ്പറ്റ് രസീതും വിനിയോഗ വിവരവും |
| | | | ആകെ | 6723808 | |

രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 1/തീ. 08-11-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1) ക്രമ നം. (1) പ്രകാരമുള്ള പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ തുക നൽകിയത് ഉചിതമായ നടപടിയല്ല.

കൂടാതെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 11.03.2022-ലെ യോഗത്തിന്റെ മിനിട്ട്സ് ഖണ്ഡിക 3.2 പ്രകാരം KWA, KSEB, GWA മുഖേന നടപ്പാക്കുന്ന ഡെപ്പോസിറ്റ്

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലതാമസം വരുന്ന പക്ഷം, പലിശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയോ പലിശ തുക ഡെപ്പോസിറ്റ് തുകയുടെ കൂടെ ചേർക്കുകയോ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വ്യക്തമായ കരാറിൽ ഏർപ്പെടാതെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും തുക നൽകിയതിനാൽ പദ്ധതി പൂർത്തിയാക്കുന്നതിന് KSEB കാലതാമസം വരുത്തുന്നപക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതിനോ, പലിശ ഈടാക്കുന്നതിനോ സാധിക്കാതെ വരും. ഇത്തരത്തിൽ പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസമുണ്ടാവുകയും പലിശ ഈടാക്കുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന പക്ഷം, പലിശ തുക, യഥാസമയം കരാറിലേർപ്പെടാതെ തുക നൽകിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് പദ്ധതി പൂർത്തിയാക്കും വരേയ്ക്കും പദ്ധതി പ്രകാരം നൽകിയ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) ക്രമ നം. (1), (2), (3) പ്രകാരമുള്ള പദ്ധതികളുടെ കൈപ്പറ്റ് രസീത്, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി തടസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ആശ്രയ പദ്ധതി തുക വിനിയോഗിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആശ്രയ വിഹിതം നൽകൽ (പദ്ധതി നം. 211/2023, ബിൽ നം. 22100352014400902506/തീ. 13-12-2023) പദ്ധതി പ്രകാരം സി.ഡി.എസ്. കുടുംബശ്രീ ചെയർപേഴ്സൺ ദേവികുളത്തിന് ₹4,00,000/- നൽകിയിട്ടുണ്ട്. തുക CDS-ന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതികളൊന്നും ഏറ്റെടുക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ആശ്രയ പദ്ധതിക്കായി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാലാണ് തുക ചെലവഴിക്കാത്തത് എന്ന് കുടുംബശ്രീയിൽ നിന്നും അറിയിച്ചു. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

1) ദേവികുളം സി .എച്ച്.സി.-യിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ (പ്രോജക്ട് നം. 223) രണ്ട് ഘട്ടങ്ങളിലായി നാല് ലക്ഷം രൂപ, ഒരു ലക്ഷം രൂപ വീതം എന്നിങ്ങനെ ആകെ ₹5,00,000/- KMSCL-ൽ അടവാക്കിയിരുന്നെങ്കിലും ആദ്യ ഘട്ടം ഒടുക്കിയ തുകയിൽ ₹2,77,237/-യുടേയും രണ്ടാം ഘട്ടത്തിൽ ഒടുക്കിയ തുകയിൽ ₹63,545/-യുടേയും മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. KMSCL-ൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ദേവികുളം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി പ്രോജക്ട് നം. 20, പ്രോജക്ട് നം. 222 എന്നിവ പ്രകാരം യഥാക്രമം ഒരു ലക്ഷം രൂപയും, പതിനായിരം രൂപയും ഹോംകോ-

യ്ക്ക് നൽകിയിരുന്നെങ്കിലും ഇതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല.

മേൽ പരാമർശിത മരുന്ന് വാങ്ങൽ പദ്ധതികളിലെ ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകൾ എത്രയുംവേഗം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം . | പദ്ധതിയുടെ പേര് | അടങ്കൽ/ ചെലവ് ₹ | ബിൽ നം. | അപാകതകൾ |
|---|---|---|---|---|---|
| 1 | 147/2023 | വെറ്ററിനറി ഡിസ്പെൻസറി യിലേയ്ക്ക് ലാപ്ടോപ്പ് വാങ്ങൽ | 50000<br>46455 | 22100352011 901467044/ 24-03-2023 | കേന്ദ്ര സർക്കാരിന്റെ 2017-ലെ ജനറൽ ഫിനാൻസ് റൂൾസ്, റൂൾ 149(2) അനുസരിച്ച്, ₹25000/- മുതൽ ₹500000/- വരെയുള്ള വാങ്ങലുകൾ COMPARISON DIRECT PURCHASE രീതി അനുവർത്തിച്ചാണ് നടത്തേണ്ടത്. എന്നാൽ COMPARISON DIRECT PURCHASE നടത്താതെയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. |
| 2 | 231/2023 | വെറ്ററിനറി ഡിസ്പെൻസറി യിലേയ്ക്ക് എക്സാമിനേഷൻ ടേബിൾ വാങ്ങൽ | 24000<br>19800 | 22100352011 901401414/ 18-03-2023 | എക്സാമിനേഷൻ ടേബിൾ വാങ്ങിയെങ്കിലും നിലവിൽ ഉപയോഗിക്കുന്നില്ല. സ്ഥല സൗകര്യമില്ലാത്തതിനാലാണ് ടേബിൾ ഉപയോഗിക്കാത്തത് എന്ന് വെറ്ററിനറി ഡോക്ടർ വ്യക്തമാക്കി. സ്ഥല സൗകര്യം ഒരുക്കുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെടേണ്ടതും എക്സാമിനേഷൻ ടേബിൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം - പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./പേര് | 194/2023,<br>ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം |
| അടങ്കൽ തുക/ഫണ്ടിനം | ₹25000/-, വികസന ഫണ്ട് - ജനറൽ |
| ചെലവ് തുക | ₹24979/- |
| ബിൽ നം.,/തീയതി | 22100352015201434399/തീ. 22.03.2023 |
| തുക കൈമാറിയതിന്റെ വിവരം | മാനേജിംഗ് ഡയറക്ടർ - KSHPWC<br>IFSC- SBIN0070032<br>A/C No. 67041993208 |

| | |
|---|---|
| സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സ് നം./തീയതി | 261/2022-23, തീ. 17.03.2023 |

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം പദ്ധതിയിൽ സ.ഉ(കൈ)നം. 115/2022/തസ്വഭവ.,/തീ. 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങളുടെ ലംഘനം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് വിവരം

*പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ*

1) സബ്സിഡി മാർഗ്ഗരേഖ പ്രകാരം എല്ലാ ഗ്രാമ-നഗര ഭരണ സ്ഥാപനങ്ങളും അടുത്ത വർഷത്തെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ഭിന്നശേഷിക്കാരുടെ വൈകല്യം നിശ്ചയിക്കുന്നതിനുമായി വൈദഗ്ധ്യമുള്ള സർക്കാർ ഡോക്ടർമാരുടെ ടീമിനെ ഉൾപ്പെടുത്തി എല്ലാ നവംബർ മാസങ്ങളിലും വരും വർഷത്തെ പ്രോജക്റ്റ് തയ്യാറാക്കാനായി ക്യാമ്പ് നടത്തേണ്ടതാണെന്നും, ഓരോരുത്തരേയും പരിശോധിച്ച് അവർക്ക് ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും തീരുമാനിച്ച് വിലയും നിശ്ചയിച്ച ശേഷം മാത്രമേ പ്രോജക്റ്റ് തയ്യാറാക്കാവൂ. ഇതിനായി പ്രോജക്റ്റ് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണങ്ങളുടെ ആവശ്യകത നിർണയ ക്യാമ്പ് നടത്തണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ പ്രോജക്റ്റ് ആവിഷ്കരിച്ച ശേഷം 25.11.2022 തീയതിയിൽ ക്യാമ്പ് സംഘടിപ്പിച്ചതിനാൽ ആവശ്യമായ തുക പദ്ധതിയിൽ വകയിരുത്താതിരിക്കുന്നതിന് ഇടയാക്കി. ക്യാമ്പ് സംഘടിപ്പിച്ച ഡോക്ടർമാരുടെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള വിദഗ്ദരാണോ ഗുണഭോക്താക്കളെ പരിശോധിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

2) 40 ശതമാനത്തിൽ അധികം വൈകല്യമുള്ള ഭിന്നശേഷിക്കാരായ 50 പേർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി പ്രോജക്റ്റ് ലക്ഷ്യം വെച്ചെങ്കിലും ₹25,000/- മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 25.11.2022-യിൽ നടന്ന മെഡിക്കൽ ക്യാമ്പിൽ ആകെ 68 പേരാണ് പങ്കെടുത്തിട്ടുള്ളത്. ആയതിൽ നിന്നും 6 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകുന്നതിനായി 17.02.2023-ലെ 2(11) നമ്പർ ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളത്. പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ അപാകതകൾ കാരണം പദ്ധതി പ്രകാരം ലക്ഷ്യമിട്ട പ്രവർത്തനം നടത്തുന്നതിന് സാധിച്ചില്ല.

3) ഉപകരണം ഉള്ളവർക്ക് തന്നെ വീണ്ടും അത് നൽകുന്നത് ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത്/നഗര ഭരണ സ്ഥാപനങ്ങൾ അതിനായി ഒരു ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. അത്തരത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആനുകൂല്യം നൽകിയതിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 03/തീ. 08.11.2023). അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-29 ജാഗ്രത സമിതി പദ്ധതി നടപ്പാക്കിയില്ല

തൻവർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ജാഗ്രത സമിതി ശാക്തീകരണം എന്ന പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 17/2023, ജാഗ്രത സമിതി ശാക്തീകരണം |
| അടങ്കൽ തുക, ഫണ്ടിനം | ₹35000/- (തനത് ഫണ്ട്) |
| ചെലവ് തുക | ഇല്ല |

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുക, അവരുടെ പരാതികൾക്ക് പരിഹാരം കാണുക എന്നിവയ്ക്കായി ജി.ഒ.(എം.എസ്.)31/2007/സ്വ.ക്ഷേ.വ./തീ. 23/06/2007 പ്രകാരം വാർഡ് തലത്തിലും ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങളിലും ജില്ല തലത്തിലും ജാഗ്രത സമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതും ആവശ്യമായ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ 19.04.2022ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ. പ്രകാരം പതിനാലാം പദ്ധതി മാർഗ്ഗരേഖയിൽ ജാഗ്രത സമിതികൾ ശക്തിപ്പെടുത്തുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തണം എന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 06/തീ. 09.11.2023) മറുപടി ലഭ്യമാക്കിയില്ല. തുടർ വർഷങ്ങളിൽ സർക്കാർ നിർദ്ദേശ പ്രകാരം ജാഗ്രത സമിതി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

1-30 പൂരക പോഷകാഹാര വിതരണം - അനർഹമായി ജി.എസ്.ടി. അനുവദിച്ചു - നഷ്ടം ₹55,333.25

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണത്തിന് ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ അനശ്രീ ന്യൂട്രിമിക്സ്, താന്നിമൂട് എന്ന സ്ഥാപനത്തിന് വിവിധ ബില്ലുകളിലായി തുക അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./ | ബിൽ നമ്പർ/ | ഇൻവോയ്സ് | കിലോ | വില | അധികം |
|---|---|---|---|---|---|

| പേര് | തീയതി/തുക (₹) | നം./ തിയതി | ഗ്രാം | 73.5/ കി.ഗ്രാം | നൽകിയ തുക ₹ |
|---|---|---|---|---|---|
| 14/22, അംഗനവാടി പോഷകാഹാര വിതരണം (ജനറൽ) | 22100352015200181465/ 08.06.2022/135387 | 205/19.03.2022 | 1842 | 135387 | 6447 |
| | 22100352015200576576/ 26.09.2022/ 138694 | 69/08.08.2022 | 1887 | 138694.5 | 6604.5 |
| | 22100352015201263022/ 28.02.2023/ 298961 | 136/29.11.2022 | 2180.5 | 160266.75 | 7631.75 |
| | | 149/27.12.2022 | 1887 | 138694.5 | 6604.5 |
| | 22100352015201263027/ 28.02.2023/290288 | 166/23.01.2023 | 2173.5 | 159752.25 | 7607.25 |
| | | 38/25.06.2022 | 1776 | 130536 | 6216 |
| 15/22, അംഗനവാടി പോഷകാഹാര വിതരണം (എസ്.സി.പി) | 22100352015200754922/ 13.12.2022/161295 | 97/27.09.2022 | 2194.5 | 161295 | 7680.75 |
| | 22100352015200901315/ 13.12.2022/137371 | 108/18.10.2023 | 1869 | 137371 | 6541.5 |
| ആകെ | | | 15809.5 | 1161996.5 | 55333.25 |

തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പിന്റെ 25.05.2018ലെ സർക്കാർ ഉത്തരവ് (സാ.ധാ)നം. 1450/2018 /ത.സ്വ.ഭ.വ. പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ വില 5% ജി.എസ്.റ്റി. ഉൾപ്പെടെ ₹73.50യാണ്. കേന്ദ്ര സർക്കാർ സർക്കുലർ നം.149/05/2021 ജി.എസ്.റ്റി./തീ. 17-06-2021 പ്രകാരം അംഗൻവാടികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭക്ഷണ വിതരണ സേവനങ്ങളെ ജി.എസ്.ടി.-യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ അനശ്രീ ന്യൂട്രിമിക്സ്, താന്നിമൂട് എന്ന സ്ഥാപനത്തിന് ₹70/- നിരക്കിന് പകരം ജി.എസ്.റ്റി. ഉൾപ്പെടെ അമൃതം ന്യൂട്രിമിക്സിന് ₹73.50 നിരക്ക് നല്കിയിട്ടുണ്ട്. അനർഹമായി ജി.എസ്.റ്റി. ഇനത്തിൽ നല്കിയ തുക ₹55,333.25 തിരികെ ഈടാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 02/തീ. 08.11.2023).

## 1-31 പഠനോപകരണം വാങ്ങൽ - പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനം - നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി

എസ്. സി. വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം ചെയ്യുന്നതിനായി തൻവർഷം ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്റ്റ് വിവരം

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | 94/2023, എസ്. സി. വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം |
| അടങ്കൽ തുക/ഫണ്ടിനം | ₹16,60,000/- വികസന ഫണ്ട് - എസ്.സി.പി. |
| ചെലവ് തുക | ₹734927/- |

| | |
|---|---|
| ബിൽ നം./തീയതി/തുക | 22100352012001462628/തീ. 24.03.2023, ₹372363/-<br>22100352012001462643/തീ. 24.03.2023, ₹362564/- |
| തുക കൈമാറിയതിന്റെ വിവരം | KERALA SMALL INDUSTRIES DEVELOPMENT CORPORATION, Kottayam, State Bank Of India SME BRANCH - KOTTAYAM (IFSC:SBIN0070652) - 67381766541 |

ബി) സമാഹരണ വിവരം

| | | |
|---|---|---|
| | SIDCO- Kottayam | |
| പ്രഫോർമ ഇൻവോയ്സ് നം./ തിയതി | 29.11.2022ലെ SSE KTM P1/2022-23/263 | |
| ഇനം/വില | Hardwood Single Drawer Study Table 90x60x75 Cm/ ₹ 3514+18% GST | |
| | Hardwood Armless Chair/ ₹638.13 + 18% GST | |
| | ഇനത്തിന്റെ ആകെ വില | ₹4900/- |
| സപ്ലൈ ഓർഡർ ഭരണ സമിതി തീരുമാനം നം., തീയതി | 08.02.2023ലെ 01(6) | |
| പർച്ചേസ് കമ്മിറ്റി തീരുമാനം | 06.02.2023ലെ (1) | |

സി) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1) 5 ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള സാധനങ്ങൾ റേറ്റ് കോൺട്രാക്ട് അടിസ്ഥാനമാക്കി വാങ്ങിയത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനം

26.08.2019-ലെ സ.ഉ(പി)നം.11/2019/എസ്.പി.ഡി. പ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിൽ നിന്നും (സ.ഉ(പി)നം.03/2013/എസ്.പി.ഡി./തീ. 21.06.2013) റേറ്റ് കോൺട്രാക്ട് സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ടെങ്കിലും സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 പ്രകാരം ഉൽപാദനം ആരംഭിച്ച് അഞ്ച് വർഷം കഴിഞ്ഞ സംസ്ഥാന സർക്കാരിന്റെ വകുപ്പുതല യൂണിറ്റുകൾ, സംസ്ഥാന പൊതുമേഖല വ്യവസായങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങൾ മാന്വൽ അനുസരിച്ച് ടെണ്ടർ ക്ഷണിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ ഇളവ് വരുത്തി സിഡ്കോ, ആർട്ട്കോ, കാഡ്കോ മുതലായ സ്ഥാപനങ്ങൾക്ക് നിശ്ചിത സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായതിനാൽ 5 ലക്ഷം രൂപ വരെയുള്ള സാധനങ്ങൾ മാത്രമേ റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ വാങ്ങുവാൻ സാധിക്കുകയുള്ളൂ. ₹16,60,000/- അടങ്കൽ തുകയുള്ള പദ്ധതി ആവിഷ്കരിച്ച് റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സാധന സമാഹരണം നടത്തിയ നടപടി പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനമാണ്.

2) സർക്കാരുമായി ഏർപ്പെട്ടിട്ടുള്ള റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനം SIDCO-യിൽ നിന്നും നേരിട്ട് സമാഹരിച്ചു

കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമി.(സിഡ്കോ)യിൽ നിന്നും തടി, സ്റ്റീൽ ഫർണിച്ചറുകൾ, ആശുപത്രി ഫർണിച്ചറുകൾ എന്നിവ ടെൻഡർ നടപടികൾ ഇല്ലാതെ സർക്കാർ അർദ്ധ സർക്കാർ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ പൊതു മേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് വിതരണം നടത്തുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് 23.12.2022-ലെ സ.ഉ(സാധാ)നം.97/2022/എസ്.പി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള 'സിഡ്കോ' ഉല്പന്നങ്ങൾ മാത്രം ടെൻഡർ കൂടാതെ വാങ്ങുന്നതിനാണ് അനുമതിയുള്ളത്. ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള സിഡ്കോ ഉല്പന്നങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ ക്വട്ടേഷൻ നടപടി ക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്തുവാൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ Hardwood Armless Chair എന്ന ഇനം പ്രസ്തുത ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള 'സിഡ്കോ' ഉല്പന്നങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ലിസ്റ്റിൽ ഇല്ലാത്ത സിഡ്കോ ഉല്പന്നങ്ങൾ ടെണ്ടർ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചായിരുന്നു വാങ്ങേണ്ടിയിരുന്നത്.

3) വിതരണം ചെയ്തിട്ടുള്ളവ SIDCO സ്വയം നിർമ്മിച്ചവയാണോ എന്ന് ഉറപ്പ് വരുത്തിയില്ല. സമാഹരണത്തിൽ ചുവടെ ചേർത്തിട്ടുള്ള ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

എ) ടെണ്ടർ ഒഴിവാക്കി വാങ്ങൽ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയത്

ജി.ഒ(ആർ.ടി)നം. 3299/2016/തസ്വഭവ./തീ. 02.12.2016 പ്രകാരം ടെണ്ടർ കൂടാതെ സാധനങ്ങൾ നേരിട്ട് വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ള സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കാത്ത സാധനങ്ങൾ സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ, ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുകയും അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും ഉത്തരവായിട്ടുള്ളതാണ്.

ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും നേരിട്ടുള്ള വാങ്ങൽ നിബന്ധനകൾ

സ.ഉ(കൈ) നം.01/2016/എസ്.പി.ഡി./08.12.2016 പ്രകാരം പൊതു മേഖല സ്ഥാപനങ്ങൾ നിർമ്മിക്കാത്ത, ഉത്പാദിപ്പിക്കാത്ത, അസംബിൾ ചെയ്യാത്ത സാധനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ

വിതരണം ചെയ്യുമ്പോൾ ഓർഡർ മൂല്യത്തിന്റെ പരമാവധി 50% വരെ വിതരണം ചെയ്യാവുന്നതാണ്. ഓർഡർ മൂല്യത്തിന്റെ 50%ൽ അധികം ബ്രാന്റഡ് ഇനങ്ങളോ സ്ഥാപനം നിർമ്മിക്കാത്ത/ഉത്പാദിപ്പിക്കാത്ത/അസംബിൾ ചെയ്യാത്ത ഇനങ്ങളോ ആണെങ്കിൽ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ സാധന സമാഹരണത്തിൽ പാലിച്ചില്ല.

4) വില അധികമല്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ജി.ഒ(പി)നം.01/2017/എസ്.പി.ഡി./തീ. 13.03.2017 പ്രകാരം പൊതുമേഖല സ്ഥാപനങ്ങൾ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ, സാധനങ്ങളുടെ വില നിലവിലെ കമ്പോള വിലയിൽ കൂടുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തി നൽകണം (സ്റ്റോർസ് പർച്ചേസ് മാന്വൽ ഖ. 9.22ന്റെ കുറിപ്പ്). എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 04/തീ. 08.11.2023) പഞ്ചായത്ത് കമ്മിറ്റിയുടെ 09.12.2022ലെ 1(2) നമ്പർ തീരുമാന പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സിഡ്കോയിൽ നിന്നും നേരിട്ട് ഫർണീച്ചറുകൾ വാങ്ങിയിട്ടുള്ളതെന്നും സർക്കാർ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ഫർണീച്ചറുകൾ വാങ്ങിയ വകയിൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം ഒന്നും വരുത്തിയിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയായി അറിയിച്ചിട്ടുണ്ട്. വാങ്ങൽ പ്രക്രിയകളിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതിന്റെ ആവശ്യകത ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും ഭരണ സമിതി അംഗങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-32 വനിത ഘടക പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതികൾ രൂപീകരിക്കുന്നില്ല

സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ പോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിക്കുന്നില്ല. എന്നാൽ കൃഷി ഓഫീസർ, നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്.

| പദ്ധതിയുടെ നം./പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 76/2023 | വികസനഫണ്ട്(എസ്.സി.പി) | ₹19,99,200 |

| | | |
|---|---|---|
| വനിത കർഷകർക്ക് ജൈവവള വിതരണം - എസ്.സി.പി | ₹20,00,000 | |
| 73/2023 വനിത കർഷകർക്ക് ജൈവവള വിതരണം-ജനറൽ | വികസനഫണ്ട്(പൊതുവിഭാഗം) ₹15,25,000 ഗുണഭോക്തൃവിഹിതം ₹5,08,333 | ₹2010400 |
| 71/2023 വനിത കർഷകർക്ക് ശീതകാല പച്ചക്കറി വിത്ത് വിതരണം | വികസനഫണ്ട്(പൊതുവിഭാഗം) ₹4217340 | ₹4217240 |
| ആകെ | | ₹6227640 |

സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ പോലെ പ്രയോജനം ലഭിക്കുന്ന മേൽ പദ്ധതികൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 16/തീ. 09.11.2023).

സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുകയും ചെയ്യുക എന്നതാണ് വനിത ഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുവാനാവില്ല. എന്നാൽ വിധവകളായ വനിതകൾ ഗൃഹനാഥയായ കുടുംബം, ശയ്യാവലംബരായ ഭർത്താക്കൻമാരുള്ള കുടുബത്തിലെ ഗൃഹനാഥ, ഭർത്താവ് ഉപേക്ഷിച്ച് പോയ കുടുംബത്തിലെ ഗൃഹനാഥ എന്നിവർ ഗുണഭോക്താക്കളാണെങ്കിൽ അവർക്കുള്ള ധനസഹായം വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്. ഒപ്പം അതിദരിദ്രരായി കണ്ടെത്തിയവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ വനിതകൾ ഗുണഭോക്താക്കളാണെങ്കിൽ അവർക്കുള്ള ധനസഹായവും വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്.

സ്ത്രീയെ ഒരു ഗുണഭോക്താവ് എന്ന നിലയിൽ കണ്ടുകൊണ്ട് ദൈനംദിന ജീവിതാവശ്യങ്ങൾ നേടി ക്കൊടുക്കുക എന്നതിന് ഉപരിയായി പ്രാദേശിക വികസനം സ്ത്രീ സൗഹാർദ്ദപരമാകുകയും വനിത ഘടക പദ്ധതി സ്ത്രീ ജീവിതത്തെ അടിസ്ഥാനപരമായി മാറ്റുകയും ചെയ്യുന്ന തരത്തിൽ, സ്ത്രീകൾക്കും

പെൺകുട്ടികൾക്കും നേരിട്ട് ഗുണം കിട്ടത്തക്കവിധത്തിലുള്ള പ്രോജക്ടുകൾ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-33 പച്ചക്കറി വിത്ത് സമാഹരണം - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകൾ ഒഴിവാക്കി - നഷ്ടം ₹4,94,040/-

ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അഗ്രികൾച്ചർ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വനിത കർഷകർക്ക് ശീതകാല പച്ചക്കറി വിത്ത് വിതരണം ചെയ്യുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് വിവരം

| | |
|---|---|
| പ്രോജക്ട് നം., പേര് | 71/2023,<br>വനിത കർഷകർക്ക് ശീതകാല പച്ചക്കറി വിത്ത് വിതരണം |
| അടങ്കൽ തുക, ഫണ്ടിനം | ₹4217340/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് തുക | ₹4217240/- |
| ബിൽ നം, തീയതി, തുക | 22100352011801346298/14.03.2023, ₹484158/-<br>22100352011801337821/13.03.2023, ₹975384/-<br>22100352011801337825/13.03.2023, ₹951824/-<br>22100352011801337833/13.03.2023, ₹929442/-<br>22100352011801337838/ 13.03.2023/ ₹876432 |
| തുക കൈമാറിയതിന്റെ വിവരം | S. K. Agri Agencies,<br>Federal Bank (FDRL0001660) A/c. No. 16605500004815 |

വിതരണ വിവരം

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | തൂക്കം (കി.ഗ്രാം) | 3 വിത്തിനങ്ങളുടെയും വില (₹) | ആകെ തുക (₹) |
|---|---|---|---|---|
| 1 | M/b2c/00278/04.03.2023 | 411 | 1178 | 484158 |
| 2 | M/b2c/00272/11.03.2023 | 808 | 1178 | 951824 |
| 3 | M/b2c/00274/12.03.2023 | 789 | 1178 | 929442 |
| 4 | M/b2c/00276/13.03.2023 | 744 | 1178 | 876432 |

| | | | | |
|---|---|---|---|---|
| 5 | M/b2c/00270/10.03.2023 | 828 | 1178 | 975384 |
| ആകെ | | 3580 | 1178 | 4217240 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1) പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിത്ത് വാങ്ങുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട് (ETENDER ID: 2022/D/535921/1) ഏറ്റവും കുറഞ്ഞ തുകയിലും, കൂടിയ ഗുണമേൻമയിലും ഇ-ടെണ്ടർ സമർപ്പിക്കുന്നവരുടെ ടെണ്ടർ തുടർന്ന് വരുന്ന പഞ്ചായത്ത് കമ്മറ്റിയിൽ അംഗീകാരം നൽകുന്നതുമായിരിക്കുമെന്നും പച്ചക്കറി വിത്തിന്റെ ഇ-ടെണ്ടർ സമർപ്പിക്കുമ്പോൾ ക്യാരറ്റ് (New Kuroda) 100 Gm വില, ക്യാബേജ് (TEKILA) 2000 എണ്ണത്തിന്റെ വില, പോൾ ബീൻസ് (RANA) 1500 Gms വില, എന്നിവയുടെ പ്രത്യേകം വിലയാണ് കോട്ട് ചെയ്യേണ്ടത് എന്ന നിബന്ധനയോടെയാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

എന്നാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ 2 സ്ഥാപനങ്ങളും (1) M. PALUSAMY MANNADIAR AND SONS, 2) GREEN AGRIC AGENCIES) 3 ഇനത്തിൽ ഒരിനം (Carrot New Kuroda 100 Gms) പായ്ക്കറ്റിൽ വിതരണം ചെയ്യാൻ കഴിയില്ലെന്ന് അറിയിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കിയത് വഴി സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൃഷി ഓഫീസറുടെ 09.01.2023-ലെ DVKM1/2022-23 നമ്പർ കത്ത് പ്രകാരം ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഗ്രീൻ അഗ്രിക് ഏജൻസിക്ക് പച്ചക്കറി വിത്തുകളുടെ സാമ്പിളുകൾ കമ്പനി സീൽ ചെയ്ത പായ്ക്കറ്റിൽ ഹാജരാക്കുവാൻ അറിയിപ്പ് നൽകിയതിനെ തുടർന്ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയിൽ ന്യൂ കുറോഡോ ക്യാരറ്റ് എന്ന ഇനം വിത്തുകൾ പായ്ക്കറ്റിൽ വിതരണം ചെയ്യാൻ കഴിയില്ലാത്തതിനാൽ ടെണ്ടറിൽ നിന്നും ഒഴിവാക്കണമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന് ശേഷം കൃഷി ഓഫീസറുടെ 19.01.2023-ലെ DVKM2/2022-23 നമ്പർ കത്ത് പ്രകാരം എം. പാലുസ്വാമി മന്നാടിയാർ & സൺ എന്ന സ്ഥാപനത്തോട് സാമ്പിളുകൾ കമ്പനി സീൽ ചെയ്ത പായ്ക്കറ്റിൽ ഹാജരാക്കുവാൻ അറിയിച്ചതിനെ തുടർന്ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയിലും ക്യാരറ്റ് വിത്തുകൾ പായ്ക്കറ്റിൽ ഹാജരാക്കുവാൻ കഴിയില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

ടെണ്ടറിൽ ക്യാരറ്റ് വിത്തുകൾക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളതും സമാഹരണം നടത്തിയതും SK Agri ഏജൻസീസിൽ നിന്നായതിനാൽ പ്രസ്തുത ഇനത്തിന്റെ സമാഹരണത്തിലൂടെ നഷ്ടം ഉണ്ടായിട്ടില്ലാത്തതാകുന്നു.

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മേൽപ്പറഞ്ഞ 2 സ്ഥാപനങ്ങളിൽ നിന്നും ക്യാരറ്റ് ഒഴികെയുള്ള മറ്റ്

രണ്ടിനങ്ങളുടെ വിത്തുകൾ സമാഹരിച്ചിരുന്നെങ്കിൽ നഷ്ടം ഒഴിവാക്കാമായിരുന്നു.

വിലവിവര പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സ്ഥാപനം, നിരക്ക് (₹) | | | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം, നിരക്ക് |
|---|---|---|---|---|---|
| | | M. PALUSAMY MANNADIAR AND SONS | SKAGRI AGENCIES (GSTN - 32CCRPS5008K1Z8) | GREEN AGRIC AGENCIES | |
| 1 | Carrot New Kuroda 100 Gms | 260 | 240 | 270 | SK AGRI AGENCIES ₹240/- |
| 2 | Cabbage Tekila 2000 Seeds | 510 | 536* | 520 | M. PALUSAMY MANNADIAR AND SONS ₹510/- |
| 3 | Pole Beans (Rana) 500gms | 410 | 408 | 290 | GREEN AGRIC AGENCIES ₹290/- |
| ആകെ | | 1180 | 1178 | 1080 | 1040 |

* ₹530/-യ്ക്കാണ് വിതരണം നടത്തിയിട്ടുള്ളത്

ടെണ്ടർ സ്പെസിഫിക്കേഷനിൽ പാക്കറ്റുകളിൽ വിതരണം ചെയ്യേണ്ടതാണ് എന്ന് നിഷ്കർഷിക്കാതെ ആയതിന്റെ പേരിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളെ ഒഴിവാക്കിയതിനാൽ ₹4,94,040/-യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| വിതരണം ചെയ്തതിന്റെ മൂല്യം | ₹42,17,240/- (₹1178 X 3580 Kg) |
| ടെണ്ടർ പ്രകാരം വാങ്ങേണ്ടിയിരുന്നതിന്റെ മൂല്യം | ₹37,23,200/- (₹1040 X 3580 Kg) |
| നഷ്ടം | ₹4,94,040/- |

നഷ്ടമായ തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും വാങ്ങൽ നടപടികളിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. അധികം നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) ടെണ്ടർ ലഭിക്കുന്ന സ്ഥാപനം/വ്യക്തി അടങ്കൽ തുകയുടെ 1 ശതമാനം തുക നിരദ്രവ്യമായും (ഇ-ടെണ്ടർ സൈറ്റ് മുഖാന്തിരം ഓൺലൈനായി) ബാക്കി 4 ശതമാനം തുക സെക്യൂരിറ്റി ഡെപ്പോസിറ്റായും (ഓഫീസ് മുഖേന) അടവ് വരുത്തേണ്ടതാണെന്ന് ടെണ്ടറിൽ നിഷ്കർഷിച്ചെങ്കിലും തുകകൾ അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. 2022-23 വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത ഇനങ്ങളിൽ വരവില്ല. മൂന്ന് സ്ഥാപനങ്ങളും ടെണ്ടർ ഫീസായ ₹2,360/- (2000+18%GST) മാത്രമാണ് അടവാക്കിയിട്ടുള്ളത്. ആയത് ടെണ്ടർ കാലാവധിയ്ക്ക് ശേഷം തിരികെ നൽകപ്പെട്ടിട്ടുമുണ്ട്. ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതിന്റെയും തിരികെ നൽകിയതിന്റെയും രേഖകൾ

ലഭ്യമാക്കേണ്ടതാണ്.

ടെണ്ടറുകളുടെ സാധുത കാലയളവിനുള്ളിൽ ബിഡർമാർ അവരുടെ ബിഡുകൾ പിൻവലിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നതിനെതിരെ സംരക്ഷണം ഒരുക്കുന്നതിനായി ബിഡ്ഡർമാരിൽ നിന്നും ഇ.എം.ഡി. ലഭ്യമാക്കേണ്ടതാണെന്നും ടെണ്ടറിൽ നിന്ന് വ്യതിചലിച്ചാൽ ഇ.എം.ഡി. കണ്ടുകെട്ടാവുന്നതാണെന്നും വിജയിയായ ടെണ്ടറർ നിശ്ചിത സമയപരിധിയ്ക്കകം പെർഫോമൻസ് സെക്യൂരിറ്റി അടവാക്കണമെന്നും വിതരണക്കാരൻ കരാർ വ്യവസ്ഥകളുടെ ലംഘനം നടത്തിയാൽ പെർഫോമൻസ് സെക്യൂരിറ്റി കണ്ടുകെട്ടേണ്ടതാണെന്നും സ്റ്റോർ പർച്ചേസ് മാന്വൽ അദ്ധ്യായം 8-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ പാലിക്കപ്പെട്ടില്ല.

മേൽ വിഷയങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/തീ. 11.11.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-34 ദേവികുളം ഗവ.എൽ.പി. സ്കൂളിന്റെ മേൽക്കൂര മാറ്റി സ്ഥാപിക്കൽ - നീക്കം ചെയ്ത തകര ഷീറ്റിന്റെ മൂല്യ നിർണ്ണയം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| പ്രോജക്ട് നം. | 195/23 |
| കരാറുകാരൻ | ശ്രീ. ബെന്നി ജെ. |
| അളവ് ബുക്ക് | 104295/2022 |
| പദ്ധതി ചെലവ് | 22100352011401487668/തീ. 27.03.2023, ₹432076/- |

ദേവികുളം ഗവ. എൽ.പി. സ്കൂളിന്റെ മേൽക്കൂര മാറ്റി സ്ഥാപിക്കൽ എന്ന പ്രവൃത്തിയുടെ ഒന്നാമത്തെ ഇനം "Dismantling Roofing GI Sheet And Stacking The Material Within 50m" എന്നതായിരുന്നു. 349.56m2 ഉള്ള ടി ഇനത്തിന് ₹97.74/m2 നിരക്കിൽ കരാറുകാരന് ₹34,166/- അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നീക്കം ചെയ്ത തകര ഷീറ്റിന്റെ വിലയായി ₹7,551/- കരാറുകാരനിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നീക്കം ചെയ്ത തകര ഷീറ്റിന്റെ മൂല്യ നിർണ്ണയം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 19/തീ. 10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മൂല്യ നിർണ്ണയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തി സ്ഥലത്ത് നിന്നും ലഭിച്ച തകര ഷീറ്റ് ലേലം ചെയ്ത് നൽകാതിരുന്നത് സംബന്ധിച്ച് വിശദീകരണവും നൽകേണ്ടതാണ്.

## 1-35 പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കി പാർട്ട് ബിൽ തുക കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കാത്ത നിലയിലാണ്.

1. കുണ്ടള പകൽ വീട് ടോയ്‌ലറ്റ് നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം. | 175/23 |
| അടങ്കൽ തുക | ₹480000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ. എൽദോ എബ്രാഹം |
| അളവ് ബുക്ക് | 9037/22 |
| ബിൽ നം./വൗച്ചർ നം. & തുക | 22200684/തീ. 20.03.2023, ₹353080/- |

കുണ്ടള പകൽ വീടിന് ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതിയുടെ പൂർത്തീകരണ കാലാവധി 3 മാസമായിരുന്നു. പാർട്ട് ബില്ലിനത്തിൽ കരാറുകാരൻ ₹3,53,080/- കൈപ്പറ്റിയിട്ടുണ്ട്. അളവ് ബുക്ക് പരിശോധിച്ചതിൽ പൈപ്പ് ലൈൻ ഉൾപ്പെടെയുള്ള പ്ലംബിംഗ് പ്രവൃത്തികളൊന്നും പാർട്ട് ബിൽ കൈപ്പറ്റിയതിന് ശേഷം നടപ്പാക്കിയിട്ടുള്ളതായി കാണുന്നില്ല.

2. മനില മിഡിൽ ഡിവിഷന് സമീപം സ്കൂൾ വാട്ടർ ടാങ്ക് നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം. | 122/23 |
| അടങ്കൽ തുക | ₹400000/- (വികസന ഫണ്ട് - എസ്.സി.പി.) |
| കരാറുകാരൻ | ശ്രീ. ബെന്നി ജെ. |
| അളവ് ബുക്ക് | 45073/22 |
| ബിൽ നം. & തുക | 22100352011401532482/തീ. 28.03.2023, ₹225137/- |

വാട്ടർ ടാങ്ക് നിർമ്മാണം ഭാഗികമായി മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. പാർട്ട് ബില്ലിനത്തിൽ ₹2,25,137/- കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. പദ്ധതിയുടെ പൂർത്തീകരണ കാലാവധി 22.08.2023ൽ അവസാനിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതികൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/തീ. 08.11.2023) 2023-24 സാമ്പത്തിക വർഷം പദ്ധതികൾ പൂർത്തീകരിക്കുന്നതാണെന്ന മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതികൾ പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-36 ചിറ്റുവര ഓാസി ഡിവിഷൻ മുതൽ നോർത്ത് ഡിവിഷൻ വരെ റോഡ് കോൺക്രീറ്റിംഗ് - കരാറുകാരന് ജി.എസ്.ടി. വിഹിതമായി അധികം തുക അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| പ്രോജക്റ്റ് നം. | 39/23 & 180/24 |
| പദ്ധതി അടങ്കൽ | ₹350000/- (വികസന ഫണ്ട് - എസ്.സി.പി.) |
| കരാറുകാരൻ | ശ്രീ. രഞ്ജിത് എസ്. |
| അളവ് ബുക്ക് | 17/2022-23 |
| കരാർ നം. & തീയതി | 60/AE/LID&EW/DKLM/2022-23 തീ. 23.02.2023 |
| പദ്ധതി ചെലവ് | ബിൽ നം. 22100352011400799809/തീ. 21.11.22, ₹349958/-<br>23100352011400250960/തീ. 27.06.2023, ₹18748/- |

23.02.2022-ൽ കരാർ ഒപ്പ് വെച്ച് ഏറ്റെടുത്ത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3 മാസമായിരുന്നു. എസ്റ്റിമേറ്റ് തുകയായ ₹3,12,463/- ക്വോട്ട് ചെയ്ത് ഏറ്റെടുത്ത പ്രവൃത്തി 25.10.2022ൽ പൂർത്തീകരിക്കുകയും കരാറുകാരന് 12% ജി.എസ്.ടി. ഉൾപ്പെടെ ₹3,49,958/- അനുവദിക്കുകയും ചെയ്തിരുന്നു. 18.07.2022 മുതൽ ജി.എസ്.ടി. വിഹിതം 18% ആയി നിശ്ചയിച്ചിട്ടുള്ളതിനാൽ കരാറുകാരൻ ജി.എസ്.ടി. വിഹിതമായി 6% കൂടി അധികം നൽകണമെന്ന് ആവശ്യപ്പെടുകയും ഗ്രാമ പഞ്ചായത്തിൽ നിന്നും ₹18,748/- അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 23.02.2022ൽ ഏറ്റെടുത്ത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 22.05.2022 ആയിരുന്നെങ്കിലും കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച മൂലം പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത് 25.10.2022ൽ ആണ്. ജി.എസ്.ടി. വിഹിതം അധികം അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/തീ. 08.11.2023) ചികിത്സ സംബന്ധമായി കരാറുകാരൻ സ്ഥലത്ത് ഇല്ലാതിരുന്നതിനാലാണ് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം നേരിട്ടതെന്നും കാലാവധി നീട്ടി നൽകുവാൻ കരാറുകാരൻ അസി. എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാലാവധി നീട്ടലിനുള്ള കരാറുകാരന്റെ അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായതിനാൽ കരാറുകാരന് അധികം ജി.എസ്.ടി. അനുവദിച്ചത് ക്രമപ്രകാരമല്ല. ₹18,748/- കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

1-37 കുടിവെള്ള പദ്ധതികൾ - കരാറുകാരന് അധികം തുക നൽകി

1. നെറ്റിമേട് ഡിവിഷൻ കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 171/23 |
| കരാറുകാരൻ | ശ്രീ. ദിനേശ് കുമാർ ജെ. |
| അളവ് ബുക്ക് | 5851/2022 |
| പദ്ധതി അടങ്കൽ | ₹350000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| പദ്ധതി ചെലവ് | Xvc/2022-23/p/4/lr. 22.03.2023, ₹349550/- |

നെറ്റിമേട് ഡിവിഷൻ മലയമ്മ ഹൗസ് മുതൽ സുരേഷ് ഹൗസ് വരെ 25mm, 40mm, 50mm ജി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. ട്രഞ്ചിംഗ് നടത്തി പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നിരക്കുകളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ആകെ പ്രവൃത്തി മൂല്യമായ ₹2,96,229/-യുടെ കൂടെ 18% ജി.എസ്.ടി. കൂടി ഉൾപ്പെടുത്തി ₹3,49,550/- ആണ് പദ്ധതി ചെലവിനത്തിൽ പിൻവലിച്ചിട്ടുള്ളത്. ട്രഞ്ചിംഗ് പ്രവൃത്തികൾ നടപ്പാക്കാത്തതിനാൽ ₹16,640/- കിഴിവ് ചെയ്തിട്ടുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. കരാറുകാരന് നൽകാവുന്നതും നൽകിയതുമായ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന് നൽകിയ തുക (₹) | | കരാറുകാരന് നൽകാവുന്ന തുക (₹) | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 296228.52 | ആകെ പ്രവൃത്തി മൂല്യം | 296228.52 |
| (+)18% ജി.എസ്.ടി. | 53321 | (-)ട്രഞ്ചിംഗ് കിഴിവ് | 16640 |
| ആകെ | 349550 | | 279588.52 |
| (-)ട്രഞ്ചിംഗ് കിഴിവ് | 16640 | (+)18% ജി.എസ്.ടി. | 50326 |
| കരാറുകാരന് നൽകിയ തുക | 332910 | കരാറുകാരന് നൽകാവുന്ന തുക | 329914 |

കരാറുകാരന് ₹2,996/- (332910-329914) അധികം നൽകിയിട്ടുണ്ട്.

2. സൈലന്റ് വാലി സെൻട്രൽ ഡിവിഷൻ കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 164/23 |
| കരാറുകാരൻ | ശ്രീ. ദിനേശ് കുമാർ ജെ. |
| അളവ് ബുക്ക് | 21556/2022 |
| പദ്ധതി അടങ്കൽ | ₹350000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| പദ്ധതി ചെലവ് | 221003520114015277784/തീ. 28.03.2023, ₹349215/- |

സൈലന്റ് വാലി സെൻട്രൽ ഡിവിഷൻ ചന്ദ്രൻ ഹൗസ് മുതൽ കണ്ണൻ ഹൗസ് വരെ 50mm, 65mm ജി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. ട്രഞ്ചിംഗ് നടത്തി പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നിരക്കുകളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ആകെ പ്രവൃത്തി മൂല്യമായ ₹2,95,944.79-യുടെ കൂടെ 18% ജി.എസ്.ടി. കൂടി ഉൾപ്പെടുത്തി ₹3,49,215/-യാണ് പദ്ധതി ചെലവിനത്തിൽ പിൻവലിച്ചിട്ടുള്ളത്. ട്രഞ്ചിംഗ് പ്രവൃത്തികൾ നടപ്പാക്കാത്തതിനാൽ ₹19,200/- കിഴിവ് ചെയ്തിട്ടുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. കരാറുകാരന് നൽകാവുന്നതും

നൽകിയതുമായ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന് നൽകിയ തുക (₹) | | കരാറുകാരന് നൽകാവുന്ന തുക (₹) | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 295944.79 | ആകെ പ്രവൃത്തി മൂല്യം | 296228.52 |
| (+)18% ജി.എസ്.ടി | 53270 | (-)ട്രഞ്ചിംഗ് കിഴിവ് | 19200 |
| ആകെ | 349215 | | 276745 |
| (-)ട്രഞ്ചിംഗ് കിഴിവ് | 19200 | (+)18% ജി.എസ്.ടി | 49814 |
| കരാറുകാരന് നൽകിയ തുക | 330015 | കരാറുകാരന് നൽകാവുന്ന തുക | 326559 |
| | | | |

കരാറുകാരന് ₹3,456/- (330015-326559) അധികം നൽകിയിട്ടുണ്ട്.

കുടിവെള്ള പദ്ധതികളിൽ കരാറുകാരന് അധികം തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/തീ. 08.11.2023) Price 3 സോഫ്റ്റ്‌വെയറിൽ ഫൈനൽ ബിൽ തയ്യാറാക്കിയതിന് ശേഷം മാത്രമെ Deductions ചേർക്കുവാൻ സാധിക്കുകയുള്ളുവെന്നും സോഫ്റ്റ്‌വെയറിലെ പരിമിതികൾ മൂലമാണ് അധികം തുക നൽകിയതെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ ₹6,422/- കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ള പദ്ധതികളിൽ കരാറുകാർക്ക് അധികം തുക നൽകി - ₹6,422/- നഷ്ടം

പഞ്ചായത്ത് നടപ്പാക്കിയ രണ്ട് കുടിവെള്ള പദ്ധതികളിൽ (1. നെറ്റിമേട് ഡിവിഷൻ കുടിവെള്ള പദ്ധതി 2. സൈലന്റ് വാലി സെൻട്രൽ ഡിവിഷൻ കുടിവെള്ള പദ്ധതി) ട്രഞ്ചിംഗ് പ്രവൃത്തി നടത്താത്തതിനാൽ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് പ്രസ്തുത ഇനത്തിനുള്ള തുക കുറവ് ചെയ്തത്, പ്രവൃത്തി മൂല്യത്തോട് ജി.എസ്.ടി. കൂട്ടിയതിന് ശേഷമാണ്. തൻമൂലം നെറ്റിമേട് ഡിവിഷൻ കുടിവെള്ള പദ്ധതിയിൽ ₹2,996/-ഉം സൈലന്റ് വാലി സെൻട്രൽ ഡിവിഷൻ കുടിവെള്ള പദ്ധതിയിൽ ₹3,456/-ഉം ഉൾപ്പെടെ ആകെ ₹6,422/- പഞ്ചായത്തിന് നഷ്ടമായി. ഇത് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഖണ്ഡിക 1-37ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക 1-37 ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ₹6,422/-ന്റെ നഷ്ടത്തിന് ഖണ്ഡിക 4-9(ബി)-യിൽ പേര് ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥൻ ഉത്തരവാദിയാണ്. ടി ഉദ്യോഗസ്ഥനിൽ നിന്ന് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-2023 | 300000 | സുവർണ്ണ ഭവനപദ്ധതി (243/23) | 300000 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 399246 | ക്ഷീര സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി(74/23) | 399246 |

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | പ്രോജക്ട് നം.3/23 കുറ്റിയാർ വാലിയിൽ വൈദ്യുതി ലൈൻ നീട്ടൽ | 42200798/ 31-03-2023 | 5927200 | 0 | 5927200 |

### 4-3 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച വായ്പ ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | ജി.ഒ. (എം.എസ്.) 68/2018/ 18/5/2018 | 8410560 | 0 | 1859409 | 0 | 6551151 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | ₹3500000.00 |
| ആകെ | ₹3500000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹3500000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക (₹) | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നം. I.193, നെടുങ്കണ്ടം (പോളിസി സർട്ടിഫിക്കറ്റ് നം.0380, പലിശ 6%)) | 15.03.2023 | 6 മാസം | 2500000 | 15.09.2023ന് ഡ്യൂ ആയെങ്കിലും പുതുക്കിയിട്ടില്ല |
| 2 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നം. I.193, നെടുങ്കണ്ടം (പോളിസി സർട്ടിഫിക്കറ്റ് നം.0350, പലിശ 6%) | 11.11.2022 | രണ്ട് വർഷം | 1000000 | 2 വർഷത്തെ സ്ഥിര നിക്ഷേപത്തിന് മറ്റ് സഹകരണ സംഘങ്ങളിലും ബാങ്കുകളിലും ഉയർന്ന പലിശ നിരക്ക് ലഭ്യമാണെങ്കിലും താഴ്ന്ന പലിശ നിരക്കിലാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. |
| ആകെ | | | | 3500000 | |

## 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം-3 | വസ്തു നികുതി - അപാകതകൾ | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി – അപാകതകൾ | ലഭ്യമല്ല |
| ലഘു അവലോകനം | | 2012-13 | 2.4 | ഫ്രണ്ട് ഓഫീസ് സംവിധാനം | ലഭ്യമല്ല |

4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

-ഇല്ല –

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 54476038 |
| വരവ് | 69832215 |
| ആകെ | 124308253 |
| ചെലവ് | 72893380 |
| നീക്കിയിരിപ്പ് | 51414873 |
| (കുറിപ്പ് – പഞ്ചായത്തിന്റെ 2022-23ലെ റെസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6422 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7217848 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | ₹6422/- | ശ്രീ. ജയ്മോൻ കെ. ആർ., അസി. എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 6723808 | ശ്രീ. സതീഷ് കുമാർ പി. കെ., സെക്രട്ടറി |
| 1-33 | 494040 | ശ്രീ. ബിജു കെ. ഡി., കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സതീഷ് കുമാർ പി.കെ.,<br>സെക്രട്ടറി | | പുത്തൻപുരയിൽ ഹൗസ്,<br>നേര്യമംഗലം പി.ഒ.,<br>നേര്യമംഗലം, ഇടുക്കി |
| ശ്രീ. ജയ്മോൻ കെ. ആർ.,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>ദേവികുളം<br>ഗ്രാമപഞ്ചായത്ത് | കിഴക്കേപാലമറ്റം,<br>വാഴക്കുളം പി. ഒ.,<br>ഗാന്ധി നഗർ, മൂവാറ്റുപുഴ |
| ശ്രീമതി. അനുമോൾ ആഗസ്തി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | പ്ലാത്തോട്ടത്തിൽ ഹൗസ്,<br>കുറവിലങ്ങാട്,<br>കോട്ടയം |
| ശ്രീ. ബിജു കെ. ഡി.,<br>കൃഷി ഓഫീസർ | | കളിയിക്കൽ ഹൗസ്,<br>നേര്യമംഗലം പി.ഒ.,<br>പിൻ-686693 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 2005-06 | എൽ എഫ് ഐ -9/515/ 08/11.8.08 | 2-8 | 1 |
| 2006-2007 | എൽ എഫ് ഐ – 9/515/08/ 11.8.08 | 3-5, 3-7, 3-8 | 3 |
| 2007-08 | എൽ എഫ് ഐ -9/199/ 10/03.03.12 | 3-7,3-10, 3-12,<br>3-16,3-17.3-18 | 6 |

| | | | |
|---|---|---|---|
| 2008-09 | എൽ എഫ് ഐ -14/618/11/7.3.12 | 3-5,3-6,3-7,3-8 | 4 |
| 2009-10 | എൽ എഫ് ഐ -14/208/11/8.3.12 | 3-2 മുതൽ 3-7 വരെ<br>3-9 മുതൽ 3-13 വരെ | 11 |
| 2010-11 | എൽ എഫ് ഐ -14/1502/12/4.7.13 | 3-1,3-8,3-10, 3-11 | 4 |
| 2011-12<br>&<br>2012-13 | എൽ എഫ് ഐ -14/1304/13/8.7.14 | 3-5,3-6,3-8 | 3 |
| 2013-14<br>&<br>2014-15 | കെ.എസ്.എ.ഐ.ഡി.കെ-14/<br>1262/15/ 28.3.16 | 2-2,2-4,3-1,3-4,3-5,3-6, 3-7,3-8,3-9,3-10 | 10 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-14/<br>1493/2016 തീ.30.12.2016 | 2-1, 2-2,3-2 | 3 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-14/<br>984/17/ തീ.19.07.17 | 2-1,2-2,2-3,2-4,<br>3-1,3-2,3-3,3-6 | 8 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-14/<br>1407/18/ തീ.31.1.19 | 2-1,2-2 | 2 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-13/<br>939/20 തീ.27.11.20 | 1-18,1-19,1-23,1-27,<br>1-29,1-30,1-31,2-1 | 8 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-13/<br>803/20 തീ.09.09.21 | 1-11 മുതൽ 1-20 വരെ | 10 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ- 13/<br>804/21 തീ.28.09.21 | 1-11 മുതൽ 1-29 വരെ | 19 |
| 2021-22 | കെ.എസ്.എ-ഐ.ഡി.കെ-പി7/<br>112/2023 തീ.28.03.2023 | 1-8, 1-10 മുതൽ 1-27 വരെ<br>3-1, 4-8, 4-11 | 22 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 05-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Devikulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Devikulam Grama Panchayat for the year 2022-2023

Date: 22/12/2023

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Devikulam Grama Panchayat for the Year 2022-2023 .

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Non Disclosure of Assets. Asset register is not comprehensive and uptodate.

**2.Other Observations**

1. Cashflow statement Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

2. Directly debited by bank - further action not taken.

3. Directly credited by bank amount not taken into account.

4. Cheque deposited but not credited.

5. Demand Registers does not match with Financial statements.

6. Registers viz., deposit register, advance register etc., are not maintained correctly and or does not match accounts.

7. Lack of authenticated journal vouchers for supporting the adjustment entries recorded and those recorded in prior period items.

8. Grant liability amounts shown as liability in balance sheet does not match with the bank accounts for the specified purposes.

9. Amounts used for asset creation using specified grant amounts, could not be ascertained whether they are transferred to capital contribution and treated as revenue income.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്